# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P9 /974/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P9 /974/21 തീയ്യതി: 08/09/2021

## കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മോഹൻ കുരുന്നം മനക്കൽ - ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈന എ.കെ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ എം. രാമദാസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ വിജേഷ്. കെ.കെ - ഓഡിറ്റർ
ശ്രീമതി ജിഷ .പി - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയ്. ഇ. ടി | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീ സതീശൻ. സി. പി | സെക്രട്ടറി | 13-11-2020 | 29-12-2020 |
| ശ്രീമതി ഇന്ദിര ഏറാടിയിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീശൻ .സി. പി | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജലി. പി | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾ നസീർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുറഹിമാൻ എം.കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾ ജമാൽ സി. പി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രമീള. കെ, | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 03-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി സുബൈദ. പി.ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 04-11-2020 | 31-03-2021 |
| ശ്രീമതി ശ്രീവിദ്യ. എം.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രമതി സൗമ്യ എസ്. നായർ | വി.ഇ.ഓ | 01-04-2020 | 27-05-2020 |
| ശ്രീ നിസാദ്.പി. എം | വി.ഇ.ഓ | 28-05-2020 | 31-03-2021 |
| ശ്രീ അഭിലാഷ് ടി. കെ | വി.ഇ.ഓ | 01-04-2020 | 30-10-2020 |
| ശ്രീ ജിഷാർ.പി. പി | വി.ഇ.ഓ | 31-10-2020 | 31-03-2021 |
| ശ്രീമതി സിമി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ഗ്രീഷ്മ. ജി. ജി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ജസിത റഹിം | ക്ഷീര വികസന ഓഫീസർ | 01-04-2020 | 15-02-2021 |
| ശ്രീമതി ജിഷ ഓ.കെ | ക്ഷീര വികസന ഓഫീസർ | 16-02-2021 | 31-03-2021 |
| ശ്രീ രാജു.ബി.കെ | അസി. സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി അഷ്റഫ്. വി.എൻ | അസി. സെക്രട്ടറി | 17-06-2020 | 01-03-2021 |
| ശ്രീ ജിഷിത്ത് ആർ | അസി. സെക്രട്ടറി | 02-03-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പു പദ്ധതി<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-10 |
| 11 | ഗ്രാന്റ് വിനിയോഗം - തൻവർഷം 71.82ലക്ഷം ലാപ്സായി<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-12 |
| 13 | രശീതി പരിശോധന – അപാകതകൾ<br>Written By: Jisha.P (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-13 |
| 14 | വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-14 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-15 |
| 16 | അങ്കണവാടികൾ പെയിന്റ് ചെയ്യൽ തെറ്റായ അളവെടുപ്പ് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-16 |
| 17 | അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ-ആസൂത്രണത്തിലെ പാളിച്ച പദ്ധതിപണം പാഴായി<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-17 |
| 18 | സ്കൂൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരയ്ക്കൽ- പദ്ധതി നിർവ്വഹണത്തിൽ അപാകത<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-18 |
| 19 | പുഴ പുറമ്പോക്കിലെ അനധികൃത നിർമ്മാണം- തുടർനടപടി അറിയിക്കേണ്ടതാണ്<br>Written By: Jisha.P (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-19 |
| 20 | വർഷങ്ങളായി തുക വകയിരുത്തുന്നെങ്കിലും നാളിതുവരെ പ്രൊജക്ടുകൾ നടപ്പാക്കിയില്ല.<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-20 |
| 21 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയില്ല<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021) | 1-21 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 06-09-2021) | |
| 22 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയുടെ സൂക്ഷിപ്പ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Mohan Kurunnam Manakkal (Audit Officer, On 26-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-22 |
| 23 | ഇ.എം.എസ് ഭവന പദ്ധതി - സംയുക്ത അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പുതുക മുതൽകൂട്ടിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-23 |
| 24 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് - മുൻകൂർ പണമടച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമാക്കിയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 26-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-24 |
| 25 | എസ്സ്.എസ്സ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-25 |
| 26 | വിദ്ധ്യാർത്ഥികൾക്ക് പഠനോപകരണം (എസ്.സി)- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-26 |
| 27 | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-27 |
| 28 | എല്ലാ റോഡുകളും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയില്ല--വസ്തുനികുതിയിനത്തിൽ നഷ്ടസാധ്യത<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-28 |
| 29 | കരുമ്പാപൊയിൽ ചാമക്കാല കുടിവെള്ള പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-29 |
| 30 | കരാർ പ്രകാരം പ്രവർത്തി എറ്റെടുത്ത കരാറുകാർ പദ്ധതി നടപ്പിലാക്കാത്തത് സമ്പന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-30 |
| 31 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പ്രവർത്തിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-31 |
| 32 | പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കുന്നത് സംമ്പന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-32 |
| 33 | മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച്<br>Written By: Mohan Kurunnam Manakkal (Audit Officer, On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-33 |
| 34 | ലാപ് ടോപ്പ് വിതരണം സമയബന്ധിതമായി നടപ്പാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-34 |
| 35 | 'ധന്വന്തരി'വയോജനങ്ങളായ നിത്യരോഗികൾക്കുള്ള ആശ്വാസ പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-35 |
| 36 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിറജിസ്റ്ററിൽ ചേർക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-36 |
| 37 | കമ്മ്യൂണിറ്റി ഹാൾ പ്രവർത്തന സജ്ജമാക്കുന്നത് സംമ്പന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-37 |
| 38 | എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-38 |
| 39 | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ ബിൽ തുക നൽകി<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-39 |
| 40 | നടീൽ വസ്തുക്കൾ വിതരണത്തിനായി വാർഡ് മെമ്പർക്ക് നൽകി - ഗുണഭോക്താക്കൾ കൈപ്പറ്റിയതിന് രേഖ ഹാജരാക്കിയില്ല.<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-40 |
| 41 | | 1-41 |

| | | |
|---|---|---|
| | കാട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ ഫർണ്ണിച്ചർ വാങ്ങി.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തില്ല.<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-42 |
| 43 | വ്യക്തിഗത തൊഴിൽ സംരഭങ്ങൾ-നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിത്വം നിറവേറ്റിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-43 |
| 44 | ക്ളീൻ ഉണ്ണികുളം ഗ്രീൻ ഉണ്ണികുളം-നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിത്തം നിറവേറ്റിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-44 |
| 45 | സേവന ഉപനികുതി ചുമത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-45 |
| 46 | ആരോഗ്യസേവനവളണ്ടിയർമാർക്ക് നൽകേണ്ട തുക ജീവനക്കാരുടെ എക്കൌണ്ടിലേക്ക് കൈമാറി<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-46 |
| 47 | സാമൂഹ്യ സുരക്ഷാ പെൻഷൻ സംമ്പന്ധിച്ച അപാകതകൾ<br>Written By: Vijesh K.K (Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 1-47 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അങ്കണവാടികൾ പെയിന്റ് ചെയ്യൽ തെറ്റായ അളവെടുപ്പ് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 3-1 |
| 2 | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ ബിൽ തുക നൽകി<br>Written By: Shyna A.K (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കുകൾക്ക നല്കിയ തുകയുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 06-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ഗ്രാമപ്പഞ്ചായത്തിന്റെ 2020-21വാർഷിക ബജറ്റ് വിവരം താഴെ ചേർക്കുന്നു.

| വിവരണം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 8423248 | 8305248 |
| വരവ് | 487227166 | 487747166 |
| ആകെ | 495650414 | 496052414 |
| ചെലവ് | 493534120 | 487099120 |
| നീക്കിയിരിപ്പ് | 2116294 | 8953294 |
| ഭരണസമിതി തീരുമാനം തീയ്യതി/നം. | 27.3.2020 തീരുമാനം നം. 2/1 | 18.2.2021 തീരുമാനം നം. 1/1 |

മുൻവർഷങ്ങളിലെ യഥാർത്ഥ വരവു ചെലവുകളെയും പരിഗണിച്ചുകൊണ്ടുള്ള യാഥാർത്ഥ്യബോധത്തോടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് യഥാർത്ഥ വരവു ചെലവുകളും ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചതിലെയും അന്തരം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. പട്ടിക താഴെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥം | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 8423248 | 36052200 | 27628952 | | +328 |
| വരവ് | 487227166 | 134256656 | | 352970510 | -72 |
| ആകെ | 495650414 | 170308856 | | 325341558 | -66 |
| ചെലവ് | 493534120 | 124284329 | | 369249791 | -75 |
| നീക്കിയിരിപ്പ് | 2116294 | 46024527 | 43908233 | | +2074 |

പദ്ധതിയേതരചെലവുകൾ സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 27.12.19ൽ 11നിർവ്വഹണോദ്യോഗസ്ഥർക്ക്കത്ത് നല്കിയിരുന്നെങ്കിലും(സെക്രട്ടറി, അസി. സെക്രട്ടറി ഒഴികെ) 6 നിർവ്വഹണോദ്യോഗസ്ഥർ മാത്രമാണ് പദ്ധതിയേതരചെലവുകൾ സംബന്ധിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കിയത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 5.2.19 ലെ 1/19 നമ്പർ തീരുമാനപ്രകാരം 2019-2020ലെ കരട് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള വരവ് ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കാര്യക്ഷമവും ബോധപൂർവ്വവുമായ പ്രവർത്തനം സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ശക്തമായ സാമ്പത്തിക നിയന്ത്രണോപാധി എന്ന നിലയിൽ ബജറ്റ് വസ്തുതാപരവും യാഥാർത്ഥ്യബോധത്തോടെയുള്ളതുമാവണം.

### 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 13.5.2021 | --- | --- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36052200 |
| വരവ് | 134256656 |
| ആകെ | 170308856 |
| ചെലവ് | 124284329 |
| നീക്കിയിരിപ്പ് | 46024527 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ)<br>(ACR പ്രകാരം) | 0 | 22186108 | 22186108 | 22186108 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10645321 | 10645321 | 10645321 | 0 |
| വികസന ഫണ്ട്-ടി .എസ്.പി (ACR പ്രകാരം) | 0 | 577628 | 577628 | 577628 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16006383 | 16006383 | 16006383 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6820490 | 6820490 | 6820490 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 22322030 | 22322030 | 22322030 | 0 |
| സാക്ഷരത | 10626 | 0 | 10626 | 0 | 10626 |
| ദുരിതാശ്വാസം | 9281 | 371 | 9652 | 0 | 9652 |
| ഐ.സി.ഡി.എസ്OAP A/C | 820343 | 2866684 | 3687027 | 3500000 | 187027 |
| ശുചിത്വ മിഷൻ<br>OAP A/C | 2273058 | 4886777 | 7159835 | 460000 | 6699835 |
| തൊഴിലുറപ്പ് പദ്ധതി- തൊഴിലാളികളുടെ കൂലി | 0 | 104390061 | 104390061 | 104390061 | 0 |
| തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകൾ | 772957 | 1146710 | 1919667 | 1919667 | 0 |
| ബി ഫണ്ട് | 0 | 102385600 | 102385600 | 102385600 | 0 |
| തനതു ഫണ്ട് - ബാങ്ക് | 23671937 | 18014297 | 41686234 | 10226844 | 31459390 |
| തനതു ഫണ്ട് - ട്രഷറി | 1995449 | 22923116 | 24918565 | 23858315 | 1060250 |
| എം.പി ഫണ്ട് | 384430 | 451077 | 835507 | 744528 | 90979 |
| ലൈഫ് പദ്ധതി -അക്കൗണ്ട് നം. | 1099982 | 0 | 1099982 | 1000359 | 99623 |

OAP അക്കൗണ്ടിൽ വിവിധ ഫണ്ടുകൾ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇതിൽ ഐ.സി.ഡി.എസ്, ശുചിത്വ മിഷൻ ഫണ്ടുകൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കണ് ട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചത് പ്രകാരം വിവരങ്ങൾ മേൽപട്ടികയിൽ ചേർത്തിട്ടുണ്ട്. ബാക്കി തുക സംബന്ധിച്ച ഫണ്ട് തിരിച്ച് എ.സി.ആർ സൂക്ഷിക്കാത്തതിനാൽ ലഭ്യമായിട്ടില്ല. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം ബ്ലോക്ക് വിഹിതം മൂലധന ചെലവിനത്തിൽ 200000/- രൂപ കൂടി നീക്കിയിരിപ്പുണ്ടെങ്കിലും എ.സി.ആറിൽ ആയത് ഉൾപ്പെട്ടിട്ടില്ല. )സംയുക്ത പ്രൊജക്ടുകൾക്ക് മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ വിനിയോഗിക്കാത്ത തുക 3 അക്കൗണ്ടുകളിലായി നിക്ഷേപിച്ചിട്ടുണ്ട്. (ടി.എസ്.ബി 1748, OAP 13734, LGTSB 796) ബ്ലോക്ക്/ജില്ല തിരിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയത് പ്രകാരമുള്ള വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 2223897212 | 224 | 100825010 | 19 | 35 | 79 |

ആകെ 259 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ തൻവർഷം 224 എണ്ണത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. 86.49% പ്രൊജക്ടുകളിൽ തുക ചെലഴിച്ചു. മേഖല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | | | എസ്.സി.പി | | | ടി.എസ്.പി | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയത് | നടപ്പാക്കാത്തവ | ആകെ | | | | | | |
| ഇൽപാദനം | 37 | 34 | 3 | 3 | 3 | 0 | 3 | 3 | 0 | 43 |
| സേവനം | 68 | 55 | 13 | 22 | 18 | 4 | 7 | 7 | 0 | 97 |
| പഞ്ചാത്തലം | 112 | 98 | 14 | 6 | 5 | 1 | 1 | 1 | 0 | 119 |
| ആകെ | 217 | 187 | 30 | 31 | 26 | 5 | 11 | 11 | 0 | 259 |

ആകെ 223897212 രൂപ വകയിരുത്തിയതിൽ 100825010 രൂപയാണ് ചെലവഴിച്ചത്. സർക്കാർ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക മുഴവനായും തൻവർഷം ലഭിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, കാർഷിക പ്രാധാന്യമുള്ള ഭൂഘടനയാണ് ഗ്രാമപഞ്ചായത്തിന്റേതെന്ന് വ്യക്തമാകുന്നു. ആകെ ഭൂവിസ്തൃതിയിൽ 10% നെൽപ്പാടങ്ങളും കൃഷിക്ക് അനുയോജ്യമായ സമതലപ്രദേശങ്ങളുമാണ്. ആയതിനാൽത്തന്നെ കാർഷിക മേഖലയിലും അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസം, എന്നിവയിലെ വികസനം പ്രാദേശിക സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് സഹായകമാണ്. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള തൻവർഷത്തെ 16 പ്രൊജക്ടുകളിൽ 15 എണ്ണവും നടപ്പാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ 15 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ മുഴവനും നടപ്പാക്കിയിട്ടുണ്ട്. ക്ഷീരവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള ആകെ 4 പ്രൊജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തരം പ്രൊജക്ടുകളല്ലാതെ നൂതനമായ പ്രൊജക്ടുകളൊന്നും ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ശ്രമമുണ്ടായിട്ടില്ല. കൂടാതെ, കൃഷിഭവൻ, വെറ്ററിനറി ഡിസ്പൻസറി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കുള്ള പ്രൊജക്ടുകളും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിൽ പരമപ്രധാനമായ ഈ മേഖലകളിലെ വളർച്ച നിരീക്ഷിക്കപ്പെടുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടായിട്ടില്ല. പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിന് അവലംബമായെടുക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിലെ മിക്ക ഡാറ്റയും കാലികമാക്കപ്പെടാത്തവയാണെന്ന് വ്യക്തമാണ്. കൃത്യവും കാലികവുമായ വിവരങ്ങളെ അടിസ്ഥാനമാക്കി പ്രൊജക്ടുകൾ ആവിഷ്കരിക്കപ്പെടേണ്ടതാണ്. മരാമത്ത് മേഖലയിലെ 134 പ്രൊജക്ടുകളിൽ 116 എണ്ണത്തിൽ തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. തൻവർഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ സർക്കാർ ഗ്രാന്റിന്റെ 91.88% വും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 772957 | 1146710 | 1919667 | 1919667 | 0 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 106309728 | 106309728 | 106309728 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 14047400 | 5632 |
| വിധവാ പെൻഷൻ | 30406800 | 11375 |
| വാർദ്ധക്യകാലപെൻഷൻ | 46756200 | 18722 |
| വികലാംഗപെൻഷൻ | 8657600 | 3417 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2107600 | 813 |
| വിവാഹധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,893 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാകണം. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാസംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുവരുന്നു. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഓ(പി)259/2010/ തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ജീവനക്കാരുടെ ജോലി വിഭജന രേഖ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് യോഗങ്ങൾ എല്ലാമാസവും ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതായി കാണുന്നില്ല. തൻ വർഷം 6.7.2020, 2.12.2020, 29.12.2020, 18.1.2021, 28.1.2021 തീയ്യതികളിൽ മാത്രമാണ് ഓഫീസ് യോഗങ്ങൾ ചേർന്നിട്ടുള്ളത്. നിർവ്വഹണോദ്യോഗസ്ഥരിൽ അസി. സെക്രട്ടറി, മെഡിക്കൽ ഓഫീസർ , അസി.എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) എന്നിവർ പ്രൊജക്ട് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്ട്രർ, വാട്ടർ ടാപ്പ് രജിസ്റ്റർ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി

സൂക്ഷിച്ചിട്ടില്ല. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് പ്രത്യേക റെക്കോർഡ് റൂം പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾ നിലയിൽ ഒരുക്കിയിട്ടുണ്ടെങ്കിലും വൃത്തിയായും സുരക്ഷിതമായും സൂക്ഷിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടത് സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ച മിക്ക നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ കാര്യത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് ബോധപൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3/2021 | 1/21 മുതൽ 3/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.8.2016 മുതൽ 17.9.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)VI/8A-2499/112 Dt. 262.10.2016 |

## 1-11 ഗ്രാന്റ് വിനിയോഗം - തൻവർഷം 71.82ലക്ഷം ലാപ്സായി

സർക്കാർഗ്രാന്റ് വിനിയോഗം സംബന്ധിച്ച സാംഖ്യ വെബ് വിനിയോഗപത്രിക ലഭ്യമാക്കിയിട്ടില്ല. 2020-21ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിനു തൻ വർഷം ലഭിച്ച സർക്കാർ ഗ്രാന്റിന്റെ വിനിയോഗ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോക്കേഷൻ പ്രകാരം ആകെ വരവ് | ചെലവുപത്രിക പ്രകാരം ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) (ACR പ്രകാരം) | 25529000 | 25290759 | 238241 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 11532000 | 10277203 | 1254797 |
| വികസന ഫണ്ട്-ടി .എസ്.പി (ACR പ്രകാരം) | 607000 | 606883 | 117 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 16227000 | 16006383 | 220617 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 7479000 | 6820490 | 658510 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 27132442 | 22322030 | 4810412 |
| | ആകെ | | 7182694 |

മേൽ വിവര പ്രകാരം, തൻ വർഷം സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 7182694രൂപ വിനിയോഗിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്. മുൻവർഷത്തേതിനേക്കാൾ പ്രൊജക്ടുകളുടെ നിർവ്വഹണം നടക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 259പ്രൊജക്ടുകളിൽ 224 എണ്ണത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാഞ്ഞത് പ്രൊജക്ടുകൾ പ്രകാരമുള്ള തുക തൻവർഷം തന്നെ ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കുകയും വകയിരുത്തിയ സർക്കാർ ഗ്രാന്റ് പരമാവധി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും സമയബന്ധിതമായും വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ICDS, SNP, സംയുക്ത പ്രോജക്റ്റുകളുടെ ഫണ്ട് എന്നിവയ്ക്ക് പുറമെ വിവിധ ഫണ്ടുകൾ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ വരവ് ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി ACR സൂക്ഷിച്ക്കാത്തതിനാൽ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റ് ചെയ്ത് സൂക്ഷിക്കുന്നില്ല.

4. വാർഷിക കണക്കിലെ B4സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെ പറയുന്ന അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് വിശദാംശം പരിശോധിക്കുന്നതിന് ബാങ്ക്/ട്രഷറി പാസ്സ് ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ബാങ്ക്/ട്രഷറി അക്കൌണ്ട് നീക്കിയിരിപ്പ് തുക

1. പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് - 1298

2) കെ.ഡി.സി ബാങ്ക്. EMS ലോൺ - 1000

3) VPFA 1-2 - 26111

4) VPFA 1-3 - 28111

5) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൌണ്ടിഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6) വാർഷിക കണക്കിലെ B-4 Statement പ്രകാരം SSA നീക്കിയിരിപ്പ് 460049/-രൂപയാണ്. എന്നാൽ പഞ്ചായത്തിൽ എഴുതി തയ്യാറാക്കിയ ACR പ്രകാരം നീക്കിയിരിപ്പ് 447857/- രൂപയാണ്.

7) EMS ലോൺ റീപെയ്മെന്റ് രജിസ്റ്റർ, ACR എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) 2020-21 ലെ ബാലൻസ് ഷീറ്റ് B-11(A) പ്രകാരം Capital Work In Progress എന്നത് 1410428/- രൂപയാണ്. എന്നാൽ RP-(40) യിൽ 2007541/- രൂപയാണ് കാണുന്നത്. ഇതിലെ വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

9)2020-21 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായ പ്രോജക്റ്റ് നം 240/20 പ്രകാരം 35805/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും , പ്രോജക്റ്റ് നം 345/20പ്രകാരം 826377/- രൂപ കേരള വാട്ടർ അതോറിറ്റിയിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 2020-21 വാർഷിക കണക്കിലും അഡവാൻസ് രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

10) ഇ.എം.എസ്സ് ലോൺ വരവ് ചെലവിനായുള്ള ബാലുശ്ശേരി കെ.ഡി.സി ബാങ്കിലെ 100391201000131 നമ്പർ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2021 ന് പലിശയിനത്തിലുള്ള നീക്കിയിരിപ്പ് 116047/- രൂപയുണ്ട്. 2019-20 ൽ ഇ.എം.എസ്സ് ലോണിന്റെ മുതൽ തുക അടച്ച് തീർത്തതാണ്. എന്നാൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.

## 1-13 രശീതി പരിശോധന – അപാകതകൾ

1) രശീതി വരവുകൾ അക്കൗണ്ടിലേക്ക് അടയ്ക്കുന്നതിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ മാന്വൽ രശീതി ബുക്കുകളും കലക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ രശീതി ബുക്ക് പ്രകാരമുള്ള വരവ് തുക കലക്ഷൻ രജിസ്റ്ററിൽ ചേർക്കുന്നതിലും അക്കൗണ്ടിലേക്ക് അടവ് വരുത്തുന്നതിലും വ്യത്യാസം വരുന്നതായി കാണുന്നു.

ഉദാ:

| ക്രമ നം. | രശീതി നം. / തിയ്യതി | രശീതി പ്രകാരമുള്ള തുക | അടച്ച തുക | അഭിപ്രായം |
|---|---|---|---|---|
| 1 | 6258 / 85 / 12.3.21 | 695 | 1390 | കലക്ഷൻ രജിസ്റ്ററിൽ ഇരട്ടിപ്പ് |
| 2 | 6261 / 96 മുതൽ 100 വരെ / 27.3.21 | 1346 | 1296 | |
| 3 | 8718 / 60 / 19.2.21 | 41 | 82 | കലക്ഷൻ രജിസ്റ്ററിൽ ഇരട്ടിപ്പ് |
| 4 | 8720 / 34 മുതൽ 40 വരെ / 20.3.21 | 1263 | 1231 | |

2) സാംഖ്യ ക്യാൻസൽഡ് രശീതികള് ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നു

സാംഖ്യ രശീതികളുടെ ക്യാൻസൽഡ് റിപ്പോർട്ട് പ്രകാരം ക്യാൻസൽ ചെയ്തിട്ടുള്ള രശീതികളിൽ ചിലത് ക്യാൻസലേഷൻ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതായി കാണുന്നു.

ഉദാ:

| ക്രമ നം. | രശീതി നം. / തിയ്യതി | രശീതി പ്രകാരമുള്ള തുക |
|---|---|---|
| 1 | 119010109069 / 24.1.20 | 986 |
| 2 | 120010102096 / 7.10.20 | 1920 |

3) അക്കൗണ്ട് മാറി തുക നിക്ഷേപിച്ചു

പഞ്ചായത്തിലെ ദൈനംദിന നികുതി നികുതിയേതര വരുമാനങ്ങൾ ഉണ്ണികുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിലാണ് (നം.1225) നിക്ഷപിക്കുന്നത്. എന്നാൽ 22.9.20 ലെ ഡേ ബുക്ക് പ്രകാരമുള്ള വരവ് തുകയായ 44026 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷപിക്കുന്നതിന് പകരം കേരള ഗ്രാമീൺ ബാങ്കിന്റെ ഓൾഡ് ഏജ് പെൻഷൻ അക്കൗണ്ടിലാണ് (നം. 13734)നിക്ഷപിച്ചത്.

രസീതികൾ, കലക്ഷൻ രജിസ്റ്ററുകൾ എന്നിവ അതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൃത്യമായി പരിശോധിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപചട്ടപ്രകാരം നികുതിഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ,ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയതീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു.2020-21 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. പരിശോധനക്ക് ലഭ്യമാക്കിയ രജിസ്റ്റർ രജിസ്റ്റർ പ്രകാരം എല്ലാ അപേക്ഷകളിലും മുൻകൂട്ടി ഇളവ് അനുവദിച്ചതായി കാണുന്നുണ്ട്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | ഇന്ദിര.ടി | 1/155 | 14.10.20 | 01.04.20 |
| 2 | സഫ | 14/303 | 14.10.20 | 01.04.20 |
| 3 | ഗോവിന്ദൻകുട്ടി | 8/505 | 7.10.20 | 01.04.20 |

| | | | | |
|---|---|---|---|---|
| 4 | നിസാർ.കെ | 7/595 | 30.01.21 | 01.10.20 |
| 5 | അബ്ദുൾനാസർ | 9/140 | 06.03.21 | 01.10.2 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (11/2020-21തിയ്യതി 26.07.21) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ കെട്ടിടങ്ങളും പൂർണ്ണമായും അടഞ്ഞുകിടക്കുന്നതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് ഇളവ് അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ചട്ടങ്ങൾ പാലിക്കേണ്ടതാണ്. നികുതി ഇനത്തിലുള്ള ചോർച്ച തടയേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ ,വ്യപാരം ,വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 205.ബി .പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെകുറിച്ചും അവരുടെ തൊഴലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.(ചട്ടം 13) ഇത്തരത്തിൽ നോട്ടീസ് നൽകിയതായി കാണുന്നില്ല.

2. മേൽ നിയമം 205.ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.10.10.2019 ലെ ഓഫീസ് ഉത്തരവ് 24/19 പ്രകാരം ഓരോ വാർഡിലെയും ചുമതലപ്പെട്ട ക്ളർക്കുമാർ ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഓരോ വർഷവും ഏപ്രിൽ30/ സപ്തംബർ30 നകം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.എന്നാൽ വാർഡ് തല ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്,പൊതുമരാമത്ത് കരാറുകാർ,റേഷൻഷോപ്പ് ഉടമകൾ തുടങ്ങിയ വിഭാഗങ്ങളിലെ എല്ലാവരെയും നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 ൽ കരാർ വെച്ച താഴെ കൊടുത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

1.ജിതിൻ ജോർജ്,കിഴക്കാരക്കുന്ന്

2.കബിൽദേവ് കെ.എം.കളംബനയിൽ

3.റീജു.എം.വി,സുദേവം

4.ലാലു,തുമ്പ്രകുഴിയിൽ

4.വിവിധ തൊഴിൽമേഖലകളിലേക്കായി അതിഥി തൊഴിലാളികളെ കൊണ്ടുവരുന്ന കരാറുകാരുടെയും അതിഥിതൊഴിലാളികളുടെയും ലിസ്റ്റ് പോലീസ് സ്റ്റേഷനിൽനിന്നും ശേഖരിച്ച് നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും എല്ലാ തൊഴിലാളികളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നികുതി അടവാക്കിയതായി വ്യക്തമാക്കിയിട്ടുണ്ട്.അത്തരം കരാറുകാരുടെ നികുതി രശീതുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട മുൻ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. മേൽ നോട്ടചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തരശ്രദ്ധ നികുതിപിരിവിലും മുൻ ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലും അനിവാര്യമാണ്. അപാകതകൾ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അങ്കണവാടികൾ പെയിന്റ് ചെയ്യൽ തെറ്റായ അളവെടുപ്പ് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ 252/21 |
| വകയിരുത്തിയ തുക | 757925/-Ownfund<br>417075/-(MG-Non Road) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 417075/-(6787/12.11.20)<br>282925/-(Cheque No.5637285/19.11.20)<br>474431/-(Cheque No.3931224/8.03 .21) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സ്പിൽഓവർപ്രൊജക്ടായി നടപ്പാക്കിയ മേൽ പദ്ധതിപ്രകാരം 44 അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിനാണ് ലക്ഷ്യമിട്ടത്.പ്രവൃത്തി ഇ ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടുചെയ്ത അബ്ദുൾകരീം.കെ,സിംപിൾ ആർട്സ് എന്നിവരുമായി നടത്തിയ നെഗോസിയേഷൻ പ്രകാരം പെയിന്റിംഗ് മാത്രം ആവശ്യമായ ഏരിയക്ക് സ്ക്വയർ ഫൂട്ടിന് 20 രൂപക്കും പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിന് സ്ക്വയർ ഫൂട്ടിന് 28.50 രൂപക്കും ഭരണസമിതി തീരുമാനപ്രകാരം വർക്ക് ഏൽപിച്ച് നൽകി. എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയർ നടത്തിയ മെഷർമെന്റ് പ്രകാരം 43048sq.Feet സ്ഥലത്ത് പെയിന്റിംഗും11013sq.Feet സ്ഥലത്ത് പെയിന്റ് ചെയ്ത് ചിത്രം വരക്കുകയും ചെയ്തിട്ടുണ്ട്. പെയിന്റിംഗ് വർക്കിന് 860760/-രൂപയും (43038x20)ചുമരിൽ പെയിന്റ്ചെയ്ത് ചിത്രം വരച്ചതിന് 313671/-രൂപയുമാണ് (11006x28.50)ബിൽ പ്രകാരം ചെലവഴിച്ചത്.

27.07.2020ന് ഓവർസിയറുടെ സാന്നിധ്യത്തിൽ അങ്കണവാടി സെന്റർ നമ്പർ 96,105 എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ പെയിന്റടിച്ച് ചിത്രം വരച്ചതായി കാണിച്ച അതേ ഏരിയ വീണ്ടുംപെയിന്റിംഗ് ഏരിയയിലും കാണിച്ച് വാല്യുവേഷൻ നടത്തിയതായി കണ്ടു. ഇതേരീതിയിൽ തന്നെയാണ് മറ്റ് അങ്കണവാടികളിലും അളവെടുപ്പ് നടത്തിയതെന്ന് മെഷർമെന്റ് സ്റ്റേറ്റ്മെന്റിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഫലമായി 11006 Sq.Feet ഏരിയ അധികമായി പെയിന്റിംഗ് ഏരിയയിൽ ഉൾപ്പെടുകയും അത്രയും ഏരിയക്ക് സ്ക്വയർ ഫൂട്ടിന് 20 രൂപ പ്രകാരം ആകെ 220120/-രൂപ അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം അളവെടുത്ത അസി.എഞ്ചിനീയർ,ചെക്ക്മെഷർ ചെയ്ത MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ,നിർവ്വഹണോദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-17 അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ-ആസൂത്രണത്തിലെ പാളിച്ച പദ്ധതിപണം പാഴായി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ 252/21 |
| വകയിരുത്തിയ തുക | 757925/-Ownfund<br>417075/-(MG-Non Road) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 417075/-(6787/12.11.20)<br>282925/-(Cheque No.5637285/19.11.20)<br>474431/-(Cheque No.3931224/8.03 .21) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സ്പിൽ ഓവർ പ്രൊജക്ടായി നടപ്പാക്കിയ മേൽ പദ്ധതിപ്രകാരം 44 അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിനാണ് ലക്ഷ്യമിട്ടത്. പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടുചെയ്ത അബ്ദുൾകരീം.കെ,സിംപിൾ ആർട്സ് എന്നിവരുമായി നടത്തിയ നെഗോസിയേഷൻ പ്രകാരം പെയിന്റിംഗ് മാത്രം ആവശ്യമായ ഏരിയക്ക് സ്ക്വയർ ഫൂട്ടിന് 20 രൂപക്കും പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിന് സ്ക്വയർ ഫൂട്ടിന് 28.50 രൂപക്കും തീരുമാനിച്ച് വർക്ക് ഏൽപിച്ച് നൽകി.

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

1.അങ്കണവാടികൾ പെയിന്റ് ചെയ്യുന്നതിനും ചിത്രം വരക്കുന്നതിനും പ്രത്യേകം തുക വകയിരുത്തി പ്രത്യേകം ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

2.പെയിന്റിംഗ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്.വാങ്ങിയില്ല.

3.കരാറുകാരനുമായി ചമച്ച എഗ്രിമെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

4.നാല്പത്തിനാല് അങ്കണവാടികൾ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും പതിനാറിടത്തുമാത്രമാണ് നടപ്പാക്കിയത്.

5.മെഷർമെന്റ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6.എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ മെഷർമെന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം 43048 Sq.Feet സ്ഥലത്ത് പെയിന്റ് ചെയ്തിട്ടുണ്ട്.എന്നാൽ കരാർ സ്ഥാപനമായ സിംപിൾ ആർട്സ്, പന്നിപ്പാറ നല്കിയ പുതിയ ബിൽ പ്രകാരം(നം.63/22.10.20) 43038 S.Mtr ന് 20 രൂപ നിരക്കിൽ 860760/-രൂപ ചെലവഴിച്ചു. പ്രൈസ് സോഫ്റ്റ് വെയറിലെ ഡാറ്റ 14.53-Wall Painting With Plastic Emulsion Paint Of Approved Brand And Manufacture To Give An Even Shade എന്ന ഇനം ഒരു സ്ക്വയർ മീറ്റർ ഏരിയ പെയിന്റ് ചെയ്യുന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 72.41 ആണ് റേറ്റ് ( ടെണ്ടർ ഷെഡ്യൂൾ പ്രകാരം Enamel Painting Two Coat Painting ) .ആയതുപ്രകാരം ഇത്രയും ഏരിയ പെയിന്റ് ചെയ്യുന്നതിന്(3998.33 Sq.Meterx72.41)289519/-രൂപ ചെലവഴിച്ചാൽ മതിയാകുമായിരുന്നു.ഇതുപ്രകാരം (860760-289519)571241/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

7.എഞ്ചിനീയറുടെ മെഷർമെന്റിന് മുമ്പ് കരാറുകാരൻ 25.08.20 ന് സമർപ്പിച്ച 60-ാം നമ്പർ ക്യാഷ്ബിൽ പ്രകാരം 4,91,109/-രൂപയാണ് ആകെ ക്ളെയിം ചെയ്തത്. ഇതോടൊപ്പം സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ പ്രവൃത്തി ചെയ്ത ഏരിയ 17231 Sq.Feet ആണ്.ഇതു പരിഗണിക്കുമ്പോൾ അധിക ചെലവിന്റെ വ്യാപ്തി വൻതോതിൽ വർദ്ധിച്ചതായി കാണുന്നു. (43048-17231 = 25817sq.Feet കൂടുതൽ മെഷർ ചെയ്ത പ്രകാരം ചെലവഴിച്ചു)

8)27.07.2020ന് ഓവർസിയറുടെ സാന്നിധ്യത്തിൽ അങ്കണവാടി സെന്റർ നമ്പർ 96,105 എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ അങ്കണവാടി സെന്റർ നമ്പർ 105 ൽ പാരപ്പെറ്റിന്റെ പെയിന്റിംഗ് പൂർത്തിയാക്കിയിട്ടില്ല. സെന്റർ നമ്പർ 96ൽ ചിത്രം വര പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20-21തിയ്യതി22.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആസൂത്രണത്തിലെ പിഴവും, നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയും അളവെടുപ്പിലെ സൂക്ഷ്മതക്കുറവും ഇവിടെ പ്രകടമാണ്. സർക്കാർ അംഗീകരിച്ച പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുള്ള ഇനം പ്രവൃത്തി ചെയ്യിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാതെ ടെണ്ടർ ക്ഷണിച്ചത് പ്രകാരം, അധിക ചെലവുണ്ടായതായി കാണുന്നു. പ്രവൃത്തി നടന്ന എല്ലാ അങ്കണവാടികളും പരിശോധിക്കേണ്ടതും അളവെടുപ്പിന്റെ കൃത്യത പുനപരിശോധനക്ക് വിധേയമാക്കി വിവരം അറിയിക്കേണ്ടതുമാണ്. ചെലവുതുകയിൽ നിരാകരിച്ച തുക ഒഴികെ ബാക്കി 640640/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 സ്കൂൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരയ്ക്കൽ- പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്റ്റ് നം- 314/20-21

വകയിരുത്തിയ തുക - 300000/-

ചെലവഴിച്ച തുക- 300000/-

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യാഗസ്ഥനായി പഞ്ചായത്തിലെ ഏഴ് എൽപി/യുപി സ്കൂളുകളുടെ ചുമരിൽ പെയിന്റ് ചെയ്ത് ചിത്രം വരയ്ക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഇതിനായി കരാർ നൽകിയിരിക്കുന്നത് ശ്രീ. അബ്ദുൾ കരീം, സിംപിൾ ആർട്സ് പന്നിപ്പാറ എന്നവർക്ക് ചതുരശ്ര അടിക്ക് 49/- രൂപ നിരക്കിലാണ്. സ്കൂൾ ചുമർ പെയിന്റ് അടിക്കുന്നതിനും ചിത്രം വരയ്ക്കുന്നതിനുമായി പ്രത്യകം നിരക്കിലല്ല ടെണ്ടർ ക്ഷണിച്ചിരിക്കുന്നതും അംഗികരിച്ചിരിക്കുന്നതും. സർക്കാർ അംഗീകൃത പ്രൈസ് സോഫ്റ്റ്വെയറിൽ പെയിന്റിങ്ങിഗ് പ്രവൃത്തികൾക്ക് അംഗീകരിച്ച നിരക്ക് ഉള്ളതാണ്. ആയത് പ്രകാരം പെയിന്റിംഗ് പ്രവർത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയതിന്റെ അടിസ്ഥാനത്തിലായിരുന്നു ചെയ്യേണ്ടിയിരുന്നത്. മാത്രമല്ല സാങ്കേതിക അറിവ് ആവശ്യമമുള്ള ഇത്തരം പ്രവൃത്തികൾ എഞ്ചിനിയറിംഗ് വിഭാഗമായിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്. അപാകത സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്(33/20-2തീ 28-07-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 പുഴ പുറമ്പോക്കിലെ അനധികൃത നിർമ്മാണം- തുടർനടപടി അറിയിക്കേണ്ടതാണ്

പഞ്ചായത്തിന്റെ 9 ാം വാർഡിൽ പൂന്നൂർ റിവർഷോർ ഹോസ്പിറ്റൽ സമർപ്പിച്ച പാരാമെഡിക്കൽ രജിസ്ട്രേഷനുള്ള 1.3.19 ലെ അപേക്ഷ പുഴ കയ്യേറി നിർമ്മാണം നടത്തി എന്ന കാരണത്താൽ നിരസിച്ചു. 16.5.19 ന് ഹോസ്പിറ്റൽ മാനേജ്മെന്റ് ഭരണസമിതി മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് നിബന്ധനകളോടെ അനുമതി നൽകാൻ തീരുമാനിച്ചെങ്കിലും (24.6.19 ലെ 1/1 നമ്പർ തീരുമാനം) അനധികൃത കെട്ടിടത്തിൽ നിർമ്മാണം എന്ന കാരണത്താൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തി. ഈ വിഷയത്തിൽ തീരുമാനത്തിനായി സർക്കാരിലേക്ക് 29.6.19 ന് നൽകിയ കത്തിന് നിശ്ചിത സമയത്ത് മറുപടി ലഭിക്കാത്തതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കുന്നത് മുതൽ ലൈസൻസ് എന്ന നിബന്ധനയോടെ 19.7.19 മുതൽ 18.1.20 വരെ 482/19-20 നമ്പർ ലൈസൻസ് അനുവദിച്ചു. 12.12.19 ന് ലൈസൻസ് പുതുക്കുവാനായി സമർപ്പിച്ച അപേക്ഷ നിബന്ധന പാലിക്കാത്തതിനാലും അനധികൃത നിർമ്മാണം പൊളിച്ചു നീക്കാൻ ഉത്തരവ് നൽകിയതിനാലും ക്രമവൽകരിക്കാത്തതിനാലും നിരസിച്ചു. തുടർന്ന് പ്രസ്തുത പുറമ്പോക്ക് ഭൂമി പാട്ടത്തിനു നൽകണമെന്ന് ആവശ്യപ്പെട്ട് 16.1.19 ന് സമർപ്പിച്ച അപേക്ഷയിൽ ഭരണസമിതി അനുകൂല നിലപാട് സ്വീകരിച്ചു(14.8.19 ലെ 2/1 നമ്പർ തീരുമാനം ). എന്നാൽ തഹസിൽദാരുടെ (ഭൂരേഖ) 10.11.20 ലെ റിപ്പോർട്ടും ഗവ.പ്ലീഡറുടെ 4.11.2020ലെ നിയമോപദേശപ്രകാരം പുറമ്പോക്ക് ഭൂമിയിൽ നിർമ്മാണ പ്രവർത്തി നടത്തിയതിനാൽ പാട്ടത്തിന് അനുവദിക്കുന്നതിന് നിർവ്വാഹമില്ലെന്ന് അറിയിച്ചതിനാൽ 19.10.20 ലെ അടിയന്തിര യോഗം 5/1 നമ്പർ തീരുമാന പ്രകാരം പാട്ടത്തിന് സമർപ്പിച്ച അപേക്ഷ നിരസിക്കാനും പുറമ്പോക്ക് ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കാനും തീരുമാനിച്ച പ്രകാരം 2.12.20 ന് ഹോസ്പിറ്റൽ അടച്ചു പൂട്ടാനും 19.1.21 അനധികൃത നിർമ്മാണം പൊളിച്ചു നീക്കി നിയമവിധേയമാക്കാനും ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് ട്രിബ്യൂണലിൽ നിന്നും 16.12.20, 12.2.21 തിയ്യതികളിൽ അനുകൂലമായ ഇടക്കാല ഉത്തരവ് നേടിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 വർഷങ്ങളായി തുക വകയിരുത്തുന്നെങ്കിലും നാളിതുവരെ പ്രൊജക്ടുകൾ നടപ്പാക്കിയില്ല.

2017-18,2018-19,2019-20,2020-21 എന്നീ വർഷങ്ങളിലായി അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മാലിന്യ സംസ്കരണത്തിനായി 2 പദ്ധതികൾക്ക് ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങിയിട്ടുണ്ട്. മിനി എം.ആർ.എഫ് കെട്ടിടം നിർമ്മിക്കുന്നതിനും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഏകരൂൽ,പൂന്നൂർ എന്നീ ടൗണുകളിൽ എയറോബിക്ക് ബിന്നുകൾ സ്ഥാപിക്കുന്നതിനുമാണ് പദ്ധതികൾ തയ്യാറാക്കിയത്. എന്നാൽ നാളിതുവരെയും അവയൊന്നും നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾക്ക് 28.09.2017 ൽ സാങ്കേതികാനുമതി ലഭിച്ചിട്ടും പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടുകൾ | വകയിരുത്തിയ തുക | റിമാർക്ക്സ് |
|---|---|---|
| 369/17-18<br>268/2018-19<br>282/2019-20<br>256/20-21<br>മിനി എം.ആർ.എഫ് കെട്ടിട നിർമ്മാണം | 1150000<br>(200000-വികസന ഫണ്ട്<br>550000-ശുചിത്വ മിഷൻ<br>400000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ടെണ്ടർ പ്രകാരം കരാറുകാരനായ ശ്രീ.പി.സി.ബഷീറിനെ പ്രവർത്തി<br>ഏൽപ്പിച്ചിട്ടുണ്ടെങ്കിലും (കരാർ- 45/18-19/29.01.2018 ) പ്രവർത്തി ആരം ഭിച്ചിട്ടില്ല. |
| 370/17-18<br>301/18-19<br>269/19-20<br>267/20-21 | 1000000<br>(950000-ശുചിത്വ മിഷൻ<br>50000-തനത് ഫണ്ട് | 2017-18 ൽ പ്രവർത്തി രൂപീകരിച്ച് ടെണ്ടർ നടപടികൾ പോലും ആരംഭിച്ചിട്ടില്ല. |

ഉന്നൂർ മുഴി നിർമ്മാണം

ശുചിത്വ മിഷനിൽ നിന്ന് ഈ ആവശ്യത്തിന് ലഭിച്ച തുകയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയും പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വീഴ്ചയാണ് സംയുക്ത പ്രോജക്ടിനായി ഫണ്ട നൽകിയ ബ്ലോക്ക് പഞ്ചായത്ത് തൻ വർഷം ചെലവായിക്കാണിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ച നൽകേണ്ടതുമാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം.

ഗ്രാമപഞ്ചായത്ത് ഇതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലനങ്ങളോന്നും നടത്തിയിട്ടില്ല. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ പരിപാലിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-21 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ,11/21 |
| വകയിരുത്തിയ തുക | 6,00,000/-(വി.ഫണ്ട്,പൊതുവിഭാഗം) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 30,1000/-(1931/29.3.21)<br>134864/-(2144/29.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിപ്രകാരം 43 ഹിയറിംഗ് എയ്ഡ് വാങ്ങുന്നതിന് 301000/- രൂപ കെൽട്രോണിനും മറ്റ് വിവിധ ഉപകരണങ്ങൾക്കായി വികലാംഗ കോർപ്പറേഷന് 124514/-രൂപയും ക്യാമ്പ് നടത്തുന്നതിന് 10350/-രൂപയും ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഓഡിറ്റ് തിയ്യതിവരെയും സാധനങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ താഴെ കൊടുക്കുന്നു.

1. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷലില്ലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരെയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷമേ പ്രൊജക്ട് തയ്യാറാക്കാവൂ. അതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തേണ്ടത് അനിവാര്യമാണ്. എന്നാൽ മെഡിക്കൽക്യാമ്പ് നടത്തി ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയം നടത്തുന്നതിനു മുമ്പെ പദ്ധതി രൂപീകരിച്ചു.
2. ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിപ്രകാരം 43 ഹിയറിംഗ് എയ്ഡ് വാങ്ങുന്നതിന് 301000/- രൂപ കെൽട്രോണിനും മറ്റ് വിവിധ ഉപകരണങ്ങൾക്കായി വികലാംഗ കോർപ്പറേഷന് 124514/-രൂപയും ക്യാമ്പ് നടത്തുന്നതിന് 10350/-രൂപയും (ആകെ 134864/-)ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും സാധനങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.
3. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ സ്ഥിതിവിവരകണക്കുകൾ,ഇതുവരെ വിവിധ ഏജൻസികളും തദ്ദേശസ്ഥാപനങ്ങളും വിതരണം ചെയ്ത ഉപകരണങ്ങളുടെയും ഇനി ആവശ്യമുള്ളവയുടെയും എണ്ണമുൾപ്പെടെ,പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/20-21തിയ്യതി22.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി വിതരണം ചെയ്യുന്നതിലുള്ള വീഴ്ച പദ്ധതിയുടെ ലക്ഷ്യത്തെ

സാധൂകരിക്കുന്നില്ല. ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കി വിതരണം ചെയ്യേണ്ടതും മറ്റ് അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ചെലവുതുക 425514/-രൂപ തടസ്സത്തിൽവെക്കുന്നു.

1-22 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയുടെ സൂക്ഷിപ്പ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിൽ 4263700/-രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട് .തനത് ഫണ്ട് ഉൾപ്പടെയുള്ള OAP നം. 13734ബാങ്ക് അക്കൗണ്ടിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്.

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 2071104 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2192596 |
| ആകെ | | 4263700 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി എസ് ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്കു ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്
2. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.
3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്റ്റിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന് മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം , ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നല്കേണ്ടതുമാണ്.
4. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.
5. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത് ,സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.
6. മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിരുന്നെങ്കിൽ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ മാർച്ച് 31 ന് നീക്കിയിരിപ്പ്തുക ഉണ്ടാകുമായിരുന്നില്ല.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിക്കാത്തതാണ് തുക നിലവിൽ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ബാക്കിയാകാൻ കാരണം. മേല്പറഞ്ഞ തുക മുഴുവൻ ലഭിച്ചത് വർഷങ്ങൾക്ക് മുമ്പാണെന്ന് മുൻവർഷങ്ങളിലെ ബാലൻസ് ഷീറ്റുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. മാത്രമല്ല, ബ്ലോക്ക് വിഹിതം അപ്രോപ്രിയേഷൻ കണ് ട്രോൾ രജിസ്റ്റർ പ്രകാരം 2020-21 വർഷം 1871104 രൂപ മാത്രമാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2020-21 ബി4 ഷെഡ്യൂൾ പ്രകാരം മൂലധന ചെലവിനത്തിൽ ബ്ലോക്ക് വിഹിതമിനത്തിൽ 200000/- രൂപ കൂടി നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇവ മുൻ വർഷങ്ങളിലെ ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ചതാണെന്ന് വ്യക്തമല്ല. മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കേണ്ടതാണ്.

1-23 ഇ.എം.എസ് ഭവന പദ്ധതി - സംയുക്ത അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പുതുക മുതൽക്കൂട്ടിയില്ല.

ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ഭവന പദ്ധതിക്കായുള്ള ലോൺതുകയുടെ വരവ് ചെലവ് കൈകാര്യം ചെയ്യുന്നതിനായി വി.ഇ.ഓയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ബാലുശ്ശേരി ശാഖയിൽ ആരംഭിച്ച സേവിങ്ങ്സ് അക്കൗണ്ടിൽ (നം. 100391201000131) 31.3.2021 തീയ്യതിയിൽ 116047/- രൂപ നീക്കിയിരിപ്പുണ്ട്. 2019-20 വർഷം ഇ.എം.എസ് വായ്പാമുതൽ തുക മുഴുവൻ തിരിച്ചടച്ചിട്ടുള്ളതാണ്. എന്നാൽ SB അക്കൗണ്ടിൽ പലിശയിനത്തിലുള്ള നീക്കിയിരിപ്പ് തുക ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. വായ്പാബാധ്യത തീർത്തതിനാലും, ഇ.എം.എസ് ഭവനപദ്ധതി ആനുകൂല്യം ഇനി നല്കാൻ ബാക്കിയില്ലാത്തതിനാലും ഈ ജോയിന്റ് അക്കൗണ്ട് ഇനി തുടരേണ്ടതില്ല. പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഈ അക്കൗണ്ടിലെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തില തുടർവർഷങ്ങളിലെ പലിശ വരവ്, നീക്കിയിരിപ്പ് തുക എന്നിവ ഭാവിയിൽ നിരീക്ഷിക്കപ്പെടാനുള്ള സാധ്യതയും കുറവാണ്. എക്കൗണ്ട് ക്ളോസ് ചെയ്ത് നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-24 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് - മുൻകൂർ പണമടച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമാക്കിയില്ല.

1,50,000/- രൂപ സംരക്ഷണഗ്രാന്റ് വകയിരുത്തിയ പ്രൊജക്റ്റ് നം. 41/21 പ്രകാരം, ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിന് 2020-21 വർഷം 150000/- ചെലവഴിച്ചിട്ടുണ്ട്.(ബിൽനം 165/24.8.2020) ഡി.എം.ഒ (ഹോമിയോ) കോഴിക്കോടിന്റെ 2.7.2020 ലെ ഇ1/1065/2020/DMC നം. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്. ഫാർമസി ലിമിറ്റഡ്(ഹോംകോ) യ്ക്ക് ഓർഡർ നല്കുകയും (പ്രഫോർമ ഇൻവോയ്സ് നം.PF167/8.7.2020) 150000/- രൂപ മുൻകൂറായി നല്കുകയും ചെയ്തു. മുൻകൂറായി പണമടച്ച് ഒരുവർഷത്തോളമായിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ ലഭ്യതയില്ലായ്മ ഡിസ്പൻസറിയെ ആശ്രയിക്കുന്ന രോഗികൾക്ക് യഥാസമയം സേവനം ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുമെന്നതിനാൽ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-25 എസ്സ്.എസ്സ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം – 31/2020-21

വകയിരുത്തിയ തുക – 1000000/-

ചെലവ് - 1000000/-

ബിൽ നം. 20170752013800426565 തീയതി 14-08-2020 (ബിൽ തുക 5ലക്ഷം)

ബിൽ നം. 20170752013800426565 തീയതി 14-08-2020 (ബിൽ തുക 5ലക്ഷം)

പദ്ധതി പ്രകാരം 1000000/- രൂപ എസ്സ് എസ്സ് എ വിഹിതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയം ഭരണസ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ തൻവർഷം പ്രൊജക്റ്റ് രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തുകയോ ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ സൃഷ്ടിപരമായ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയ്ക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1-26 വിദ്ധ്യാർത്ഥികൾക്ക് പഠനോപകരണം (എസ്.സി)- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ പ്രോജക്റ്റ് നം 152/19 പ്രകാരം എൽപി/യുപി വിദ്യാർത്ഥികൾക്ക് പഠനോപകരണം (എസ്.സി) എന്ന പദ്ധതിയും 2020-21 ൽ പ്രോജക്റ്റ് നം 32/20 പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ലിസ്റ്റ് പ്രകാരം പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 2019-20 ൽ പഠനോപകരണമായി മേശയും കസേരയും ലഭിച്ച പൂനൂർ GMUPS ലെ അധിഷേക് കുമാർ.വി എന്ന കുട്ടിക്കും ഉണ്ണികുളം GUPS ലെ അശ്വമിയ.കെ.കെ എന്ന കുട്ടിക്കും 2020-21 ലും പഠനോപകരണമായി മേശയും കസേരയും ലഭിച്ചതായി കാണുന്നു. അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല

1-27 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ലും 2020-21 ലുമായി ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി 3784000/- രൂപ ചെലവഴിച്ച് 22സ്ഥലങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തി ചെയ്തിരിക്കുന്നത് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് എന്ന സ്ഥാപനമാണ്. ഒരു ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 172000/- രൂപയാണ് വൈദ്യുതീകരണം ഉൾപ്പെടെ സ്ഥാപനത്തിന് കരാർ നൽകിയിരിക്കുന്നത്. കൂടാതെ 2019-20 ലും 2020-21 ലുമായി 875000/- രൂപ ചെലവഴിച്ച് രണ്ട് പദ്ധതികളിലായി 904 സ്ട്രീറ്റ് ലൈറ്റുകളും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) നാൽപ്പത്തിയേഴ് ലക്ഷത്തോളം രൂപ വകയിരുത്തി ലോമാസ്റ്റ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി ആവശ്യകതയും നിലവിലെ തെരുവ് വിളക്കുകളുടെ സ്ഥിതിയും സംബന്ധച്ച് കെ.എസ്.ഇ. ബി യുമായി ചേർന്ന് വിശദമായ പഠനം നടനം നടത്തിയില്ല.

2) പഞ്ചായത്തിൽ പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുത്ത് വിശദ വിവരങ്ങളടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ കെ.എസ്.സി.ബി.യുമായി ചേർന്ന് തയ്യാറാക്കാതെയാണ് തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

3) ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം തീരുമാനിക്കുന്നതിന് വൈദ്യുതി ബോർഡുമായി ചേർന്ന് പരിശോധന നടത്തിയില്ല.

4) പി.ഡബ്ലിയൂ.ഡി ഉടമസ്ഥതയിലുള്ള സ്ഥലത്ത് ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതിക്കായി കത്ത് നൽകിയെങ്കിലും രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയില്ല.

5) 2020-21 ൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 763145/- രൂപ കെ.എസ്.ഇ. ബി യിൽ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ ചാർജ്ജ് ഒടുക്കിയത് പ്രവർത്തനക്ഷമമായവയ്ക്ക് മാത്രമാണോ എന്ന് ഉറപ്പ് വരുത്തിയില്ല.

6) 2019-20 ലെയും 2020-21 ലെയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതികളിലായി സ്ഥാപിച്ച 904 സ്ട്രീറ്റ് ലൈറ്റുകൾക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പോസ്റ്റ് നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7) ആകെ പഞ്ചായത്തിൽ മേൽ പദ്ധതികൾ പ്രകാരം സ്ഥാപിച്ചത് 22 ലോമാസ്റ്റ് ലൈറ്റുകളാണ്. എന്നാൽ ഇതിനും പ്രതേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-28 എല്ലാ റോഡുകളും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയില്ല- -വസ്തുനികുതിയിനത്തിൽ നഷ്ടസാധ്യത

വസ്തുനികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമ പഞ്ചായത്തിലെ 463 റോഡുകളുടെ പേരുവിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (സെക്രട്ടറിയുടെ ലോഗിനിൽ) ആസ്തി രജിസ്റ്റർ പ്രകാരം 712 റോഡുകളുണ്ട്. ഇതുകൂടാതെ ഹൈവെ റോഡുകളും പൊതുമരാമത്ത് വകുപ്പ് റോഡുകളുമുണ്ട്. എല്ലാ റോഡുകളുടെയും പേരുവിവരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തത് വസ്തുനികുതിയിനത്തിൽ നഷ്ടത്തിന് സാധ്യതയേറെയാണ്.

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ വാർഡ് സെലക്ട് ചെയ്യുമ്പോൾ ആ വാർഡിൽകൂടി കടന്നു പോകുന്ന എല്ലാ റോഡുകളുടെയും വിവരം, റോഡിന്റെ വീതിയുൾപ്പെടെ സ്ക്രീനിൽ വരേണ്ടതും ആയതിനനുസരിച്ച് റോഡ് സെലക്ട്ചെയ്യാൻ സാധിക്കേണ്ടതുമാണ്. എന്നാൽ ചില സംഗതികളിൽ ആ വാർഡിൽകൂടി കടന്നുപോകുന്ന റോഡിന്റെ പേരും മറ്റുവിവരവും വരാതിരിക്കുകയും അത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് ചില നികുതി നിർണ്ണയത്തിൽ നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിലെ നാല് ഓപ്ഷനുകളിൽ വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയിൽ, നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി കാണുന്നു. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറപടിയിൽ റോഡുകൾ തെരെഞ്ഞെടുക്കുന്നതിലെ അപാകത കാരണം വസ്തുനികുതിഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നും ചുരുക്കം ചില റോഡുകൾ മാത്രമാണ് മാപ്പ് ചെയ്ത് ഉൾപ്പെടുത്താൻ വിട്ടുപോയതെന്നും അറിയിച്ചിട്ടുണ്ട്. അത്തരം അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 കരുമ്പാപൊയിൽ ചാമക്കാല കുടിവെള്ള പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - 264/2020-21(സ്പിൽ ഓവർ)

കരാറു കാരൻ - ശ്രീ. ബഷീർ. പി.സി

അടങ്കൽ - 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് - 376508 (ബിൽ നം.420688/24.03.2021)

കരാർ - 91/2018-19 /25.02.2020

വാർഡ് 21 ൽ ചാമക്കാല കുടിവെള്ള പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് മുൻ വർഷങ്ങളിൽ ഒരു തുറന്ന കിണറും കിണറിൽനിന്ന് 430 മീറ്റർ മാറി കുന്നിൽ മുകളിൽ വാട്ടർ ടാങ്ക് ഫിറ്റ് ചെയ്യുന്നതിനുള്ള ബേസ്മെന്റും നിർമ്മിച്ചിരുന്നു. ഈ പദ്ധതിയിൽ കിണറിനോട് ചേർന്ന് പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും കരിങ്കൽ ബേസ്മെന്റിന് മുകളിൽ 10000 ലിറ്റർ കപ്പാസിറ്റിയുള്ള പി.വി,സി ടാങ്ക് സ്ഥാപിക്കുന്നതിനും കിണറ്റിൽ നിന്ന് പമ്പ് ഹൗസിലേയ്ക്കും ടാങ്കിലേയ്ക്കുമുള്ള പമ്പിങ്ങ് മെയിൽ സ്ഥാപിക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇവിടെ കുടിവെള്ള പദ്ധതിയ്ക്കായി സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ, മോട്ടോർ, വിതരണ പൈപ്പുകൾ എന്നിവയ്ക്ക് പദ്ധതി തയ്യാറാക്കിയിട്ടില്ല. കൂടാതെ ഈപദ്ധതിയുടെ സ്പിൽ ഓവർ പദ്ധതികളായ 173/18-19, 262/19-20 എന്നീ പദ്ധതികളിൽ വകയിരുത്തിയത് തനത് ഫണ്ടായി രുന്നു. ഇത് 2020-21 ആയപ്പോൾ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവാക്കി മാറ്റിയത് എങ്ങനെയെന്ന് വ്യക്തമല്ല. കൂടാതെ മുൻവർഷ പദ്ധതികളിൽ ജലസേചന കിണർ എന്നാണ് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടുള്ളത് .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 കരാർ പ്രകാരം പ്രവർത്തി എറ്റെടുത്ത കരാറുകാർ പദ്ധതി നടപ്പിലാക്കാത്തത് സമ്പന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള താഴെപ്പറയുന്ന പദ്ധതികളിൽ കരാറുകാർ പ്രവ്യത്തികൾ ഏറ്റെടുത്ത് കരാറിലേർപ്പെടുത്തിയിട്ട് നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്ട് | റിമാർക്സ് |
|---|---|---|
| 1 | 307 /20-21 എ.കെ.ജി കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം<br>കരാറു കാരൻ- ശ്രീ. അനുരാഗ്.വി.കെ<br>അടങ്കൽ-100000(റോഡിതര മെയിന്റനൻസ് ഗ്രാന്റ് )<br>കരാർ- 31/19 -20/01.11.2109 | 01.11.2019 തന്നെ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 2 | 295 /20-21 കൃഷിഭവൻ നവീകരണം<br>കരാറു കാരൻ- ശ്രീ. അനുരാഗ്.വി.കെ<br>അടങ്കൽ- 450000(200000റോഡിതര മെയിന്റനൻസ് ഗ്രാന്റ് ,200000-സംസ്ഥാന ആവിഷ്കൃത ഫണ്ട്)<br>കരാർ- 78/19 -20/04.01.2020 | കരാറുകാരന് സൈറ്റ് കൈമാറുകയോ പ്രവർത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല |

കരാർ പ്രകാരം സ്ഥലം ഏറ്റെടുത്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്. പ്രവൃത്തി തുടങ്ങാത്തതിന് കരാറുകാർക്കെതിരെ യാതൊരു നടപടികളും എടുത്തിട്ടില്ല. കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി വേറെ കരാറുകാർക്ക് ഏൽപ്പിച്ച് നൽകാത്തതിനും പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-31 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പ്രവർത്തിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം പ്രകൃതി ക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ തുടങ്ങിയവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനാണ് പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുള്ളത്. 16.03.2009 രൂപീകൃതമായ ദുരിതാശ്വാസനിധി നിലവിൽ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. 01.03.2011 നശേഷം ഈ അക്കൗണ്ടിൽ യാതൊരു ഇടപാടുകളും നടന്നിട്ടില്ല. ദുരിതാശ്വാസനിധിയുടെ അക്കൗണ്ടിൽ 31.03.2021 ൽ 9652 രൂപമാത്രമാണ് നീക്കിയിരിപ്പുള്ളത്. ദുരിതാശ്വാസനിധിയിലേയ്ക്കുള്ള ധനശേഖരണത്തിനും ധനസഹായ വിതരണത്തിനുമായി ഗ്രാമ പഞ്ചായത്ത് യാതൊരു ഇടപെടലും നടത്തുന്നില്ല. മഹാമാരിയുടെയും പ്രകൃതി ക്ഷോഭങ്ങളുടെയും ഇക്കാലത്ത് ദുരിതാശ്വാസ നിധിയുടെ പ്രവർത്തനത്തിന് വളരെയധികം പ്രസക്തിയുണ്ട്.

ദുരിതാശ്വാസനിധിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കുന്നത് സംബന്ധിച്ച്

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാ ക്കുന്നതിന് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ നടപ്പിലാക്കാതെ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 2019-20 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതികൾ 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്താതെ ഉപേക്ഷിച്ചിരിക്കുകയാണ് . വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജ. നം. | പ്രൊജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 261/20 | ഓടക്കാളിക്കുന്ന് ഇരിങ്ങേരിച്ചാൽ കുടിവെള്ള പദ്ധതി | 400000 | തനത് ഫണ്ട് |
| 263/20 | വാട്ടർ കമ്പോസ്റ്റ് | 300000 | തനതുഫണ്ട് |
| 237/20 | ഉമ്മിണിക്കുന്ന് കുടിവെള്ള പദ്ധതി | 25000 | എം.ജി.എൻ.ആർഫണ്ട് |
| 268/20 | ചാലിൽ പുറായിൽ കുടിവെള്ള പദ്ധതി | 200000 | തനത് ഫണ്ട് |
| 270/20 | മാലൂർ കുടിവെള്ള പദ്ധതി | 150000 | തനതുഫണ്ട് |
| 271/20 | പുലിക്കുഴികോട്ടക്കുന്ന് കുടിവെള്ള പദ്ധതി | 243909 | തനതുഫണ്ട് |
| 275/20 | ആറപ്പറ്റ കുടിവെള്ള പദ്ധതി | 200000 | തനതുഫണ്ട് |

ഇത്തരത്തിൽ സേവന വികസന മേഖലകളിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ നടപ്പാക്കാതെ പോകുന്നത് പദ്ധതി രേഖപ്രകാരമുള്ള പഞ്ചായത്തിന്റെ ദീർഘകാല വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കും.

ഓരോ മേഖലയിലും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ്കമ്മിറ്റി കളുടെയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017 - 2022 കാലത്തെ 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രൊജകട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ്ങ്ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രൊജക്ടുകൾക്ക് രൂപം നല്കേണ്ടത്. ഇത്തരത്തിൽ യാതൊരു പ്ലാനിങ്ങും ഇല്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതിനാലാണ് പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാതെ പദ്ധതികൾ ഉപേക്ഷിക്കേണ്ടി വരുന്നത്. യഥാർത്ഥത്തിലുള്ള ആവശ്യകതാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പദ്ധതിരൂപീകരണം മുതൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ സാങ്കേതികാനുമതി നേടൽ, ടെണ്ടർ വിളിക്കൽ കരാറിലേർപ്പെടൽ തുടങ്ങി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങളും ഫണ്ടും പാഴാകുന്ന അവസ്ഥയാണ് ഇത്തരത്തിൽ പദ്ധതികൾ ഉപേക്ഷിക്കുന്നതിലൂടെ ഉണ്ടാകുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-33 മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച്ച

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധപുലർത്തുന്നില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിൻമേൽ തുടർവർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം മറുപടികളുടെ നിജസ്ഥിതി പരിശോധിച്ചപ്പോൾ അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും തുടർവർഷങ്ങളിലും അപാകത ആവർത്തിക്കപ്പെടുന്നുണ്ടെന്നും വ്യക്തമായിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രഥമ മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ഓഡിറ്റ് ഇടപെടൽ മൂലമുണ്ടാകുന്ന തിരുത്തലുകൾ സംഭവിക്കപ്പെടാത്തതും ആയത് ഗൗരവപൂർവ്വം നിരീക്ഷിക്കപ്പെടാത്തതും ശരിയായ രീതിയല്ല. 2016-17, 2017-18, 2018-19 വരെയുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ 13.11.17 ന് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പരാമർശങ്ങളിൻമേൽ നടപടി സ്വീകരിച്ച് പ്രഥമ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പ്രകാരം നല്കിയ ഫർദർ റിപ്പോർട്ടിന് ശേഷം, 30.4.18 നാണ് മറുപടി സമർപ്പിച്ചത്. രണ്ട്, മൂന്ന് പാർട്ടുകളിലായി ആകെ 49പരാമർശങ്ങളിൽ, മറുപടിയുടെ അടിസ്ഥാനത്തിൽ 16 എണ്ണം മാത്രമാണ് ഒഴിവാക്കാനായത്. അവശേഷിക്കുന്ന മുഴുവൻ പരാമർശങ്ങളിലും നടപടി സ്വീകരിച്ച് മറുപടി നല്കുന്നതിനു പകരം 30.1.19 ൽ വീണ്ടും ഭാഗികമായി മറുപടി സമർപ്പിക്കുകയാണ് ചെയ്തത്

2017-18വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 18.3.19 ന് സ്ഥാപനം കൈപ്പറ്റുകയും 20.5.19 ന് പ്രഥമ മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാർട്ട് 2, 3 എന്നിവയിലായി ആകെ 19 പരാമർശങ്ങളിൽ നടപടി ആവശ്യപ്പെട്ടതിൽ പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ 10 എണ്ണമാണ് ഒഴിവാക്കിയത്. തുടർന്ന് 3-2, 3-7 ഖണ്ഡികകളിൽ നടപടി സ്വീകരിച്ചത് പ്രകാരം, 26.10.19, 14.11.19 തീയ്യതികളിലെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 15.5.2020 ന് സ്ഥാപനം കൈപ്പറ്റുകയും, ചട്ടപ്രകാരമുള്ള രണ്ട് മാസ കാലപരിധി കഴിഞ്ഞ് 1.8.2020 ന് പ്രഥമ മറുപടി ലഭ്യമാക്കുകയും ചെയ്തു. ആകെ 43 പരാമർശങ്ങളിൽ, നടപടികൾ ആവശ്യമില്ലാത്ത ഖണ്ഡികകൾ ഉൾപ്പെടെ

ആകെ 16 എണ്ണം മാത്രമെ തീർപ്പാക്കാൻ സാധിച്ചിട്ടുള്ളൂ.29.9.2020 ലെ ഭാഗിക മറുപടി പ്രകാരം, 8 പരാമർശങ്ങളും ഒഴിവാക്കി.

മേൽചേർത്ത ഓഡിറ്റ് റിപ്പോർട്ടുകളിൽ 2017-18 ലേതിൽ മാത്രമാണ് മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഏറെക്കുറെ ഒഴിവായിട്ടുള്ളത്. ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടതായി സ്ഥാപനഅധികൃതർ നല്കുന്ന മറുപടികൾ പരിഗണിച്ച് ഒഴിവാക്കപ്പെടുന്ന അപാകതകൾ തുടർ വർഷങ്ങളിലും തുടരുന്നത് പരാമർശങ്ങളെ ലാഘവത്തോടെ സമീപിക്കുന്നത് കൊണ്ടാണ്. ഈ രീതി ഒഴിവാക്കപ്പെടേണ്ടതുതന്നെയാണ്. ഉദാഹരണമായി, 2016-17 ലെ ഖണ്ഡിക 3-5, 2018-19 ലെ ഖണ്ഡിക 1-7 എന്നിവ പ്രകാരം പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലുമാവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും വാർഷികആവശ്യകത നിർണ്ണയിച്ച് കേന്ദ്രീകൃതസംവിധാനത്തിൽ നടത്തുന്ന പ്രൊക്വയർമെന്റ് രീതി നടപ്പാക്കിയില്ല എന്ന പരാമർശത്തിൻമേൽ 19-20, 20-21 വർഷങ്ങളിൽ ആയത് പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിരുന്നു. എന്നാൽ പ്രസ്തുത വർഷങ്ങളിലെ ഓഡിറ്റ് സമയത്ത് പരിശോധിച്ചപ്പോൾ അപാകത തുടരുന്നെണ്ടെന്നും, ഓഡിറ്റിൽ ലഭ്യമാക്കിയ മറുപടി അവാസ്തവമാണെന്നും വ്യക്തമായി. ബജറ്റ് രൂപീകരണം സംബന്ധിച്ച 2018-19 ലെ ഖണ്ഡിക 1-7, ഫർണിച്ചറുകളിൽ നമ്പർ ചേർത്ത്, ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച 2017-18 ലെ ഖണ്ഡിക 3-8 പരാമർശം എന്നിവ ഒഴിവാക്കി നല്കുന്നതിന് പരിഗണിക്കപ്പെട്ട മറുപടികൾ അവാസ്തവമാണെന്ന് വ്യക്തമായവയാണ്. കേവലം മറുപടി എന്നതിൽക്കവിഞ്ഞ് ഓഡിറ്റ് പരാമർശങ്ങളിൽ നടപടിയാണ് ഓഡിറ്റ് ആവശ്യപ്പെടുന്നത്. ആയതിനാൽ പരാമർശങ്ങളെ ഗൗരവമായി സമീപിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്ന തരത്തിൽ ഭാവിയിൽ അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ലാപ് ടോപ്പ് വിതരണം സമയബന്ധിതമായി നടപ്പാക്കിയില്ല.

A.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-37/21 |
| വകയിരുത്തിയ തുക | 150000/-(TSP) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 27229/-(7758/29.03.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം CPRCS പോർട്ടലിൽ നിന്നും ഒരു Medium End-Ubundu ലാപ്ടോപ്പ് വാങ്ങുന്നതിന് 24.03.21ലെ Invoce No.Tvm/ITBG/P1/RC/25727/20-21 അനുസരിച്ച് 27229/-അടവാക്കിയിട്ടുണ്ട്.

B.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-49/21 |
| വകയിരുത്തിയ തുക | 300000/-(TSP) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 272290/-(4469/20.03.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം CPRCS പോർട്ടലിൽ നിന്നും പത്ത് Medium End-Ubundu ലാപ്ടോപ്പ് വാങ്ങുന്നതിന് 19.03.21ലെ Invoce No.Tvm/ITBG/P1/RC/25216/20-21 അനുസരിച്ച് 272290/-അടവാക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.രണ്ടു പ്രൊജക്ടുപ്രകാരവും ലാപ് ടോപ്പ് ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.

2.തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.20ലെ സർക്കുലർ No.DA.1/363/2019പ്രകാരം ഉബന്ഡു അധിഷ്ഠിതമായ ലാപ് ടോപ്പിന് 22895/-രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ മേൽ രണ്ടു പ്രൊജക്ടുപ്രകാരവും ഒരു ലാപ് ടോപ്പിന് 27229/-രൂപയാണ് അടവാക്കിയിട്ടുള്ളത്.

3.ലാപ് ടോപ്പ് നൽകേണ്ട ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതൽ ഗുണഭോക്താക്കളുണ്ടായിരിക്കെ രണ്ടു പ്രൊജക്ടിലും കൂടി പതിനൊന്ന് ലാപ് ടോപ്പിന് ഓർഡർ നൽകിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല.ഇനി ലാപ് ടോപ്പ് നൽകുന്നതിന് അർഹതപ്പെട്ട പതിനൊന്ന് ഗുണഭോക്താക്കൾ മാത്രമേ ഉള്ളൂവെങ്കിൽ അവരുടെ പേരുവിവരവും അപേക്ഷയുൾപ്പെടെയുള്ള മറ്റ് രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/20-21തിയ്യതി26.07.21)മറുപടി ലഭ്യമാക്കിയിട്ടില്ല.സമയബന്ധിതമായി പദ്ധതി നടപ്പിലാക്കി ലാപ് ടോപ്പ് വിതരണം ചെയ്യാത്തതിനാൽ പല വിദ്യാർത്ഥികളുടെയും കോഴ്സിന്റെ കാലാവധി

തന്നെ തീർന്നിട്ടുണ്ടാകാൻ സാധ്യതയുണ്ട്.എത്രയും വേഗം ലാപ് ടോപ്പ് ലഭ്യമാക്കി വിതരണം ചെയ്യേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.ചെലവുതുക 299519/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-35 'ധന്വന്തരി'വയോജനങ്ങളായ നിത്യരോഗികൾക്കുള്ള ആശ്വാസ പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | 'ധന്വന്തരി'വയോജനങ്ങളായ നിത്യരോഗികൾക്കുള്ള ആശ്വാസ പദ്ധതി.248/21 |
| വകയിരുത്തിയ തുക | 895740/-(വികസന ഫണ്ട് -പൊതു.)<br>1006170/-(തനത് ഫണ്ട്)<br>1000000/-(സന്നദ്ധസേവനം/സംഭാവന) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 277651/-(2320/29.03.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട വയോജനങ്ങളുടെ ജീവിതശൈലീരോഗങ്ങൾക്ക് മരുന്ന് നൽകുന്നതിനാണ് പദ്ധതി. ബി.പി.എൽ.വിഭാഗക്കാർക്ക് സൌജന്യമായും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക് 50% ഇളവിലും മറ്റ് വിഭാഗക്കാർക്ക് 30% ഇളവിലും മരുന്നുകൾ വിതരണം ചെയ്യുകയാണ് ലക്ഷ്യം.മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് പി.എച്ച്.സി.മുഖേന മരുന്നുകൾ വിതരണം ചെയ്യുന്നു.2019-20ൽ നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചതാണ്.പ്രസ്തുത വർഷം പദ്ധതി നടപ്പാക്കിയിട്ടില്ല.സ്പിൽ ഓവർ പ്രൊജക്ടായി പദ്ധതി നടപ്പാക്കി. അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2020-21 ൽ സപ്ളൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും 277651/-രൂപയുടെ മരുന്നുകൾ വാങ്ങിയെങ്കിലും ഭൂരിപക്ഷം മരുന്നുകളും വിതരണം ചെയ്തിട്ടില്ല.
2. 29.07.2019 ൽ ചേർന്ന ജില്ലാതലവിദഗ്ധ സമിതിയുടെ നൂതന പ്രൊജക്ടുകൾ അംഗീകരിക്കുന്നതിനായുള്ള മീറ്റിംഗ് നിർദ്ദേശപ്രകാരം പി.എച്ച്.സി.യിൽ ആവശ്യമായ കോമ്പിനേഷൻ മരുന്നുകളുടെ ലിസ്റ്റ് ഓരോ പർച്ചേസ് സമയത്തും മെഡിക്കൽ ഓഫീസർ തയ്യാറാക്കി ജില്ലാ മെഡിക്കൽ മുമ്പാകെ സമർപ്പിക്കുകയും ഡി.എം.ഒ.യുടെ അംഗീകാരത്തോടുകൂടി മരുന്നുകൾ വാങ്ങി പി.എച്ച്.സി മുഖേന നിർവ്വഹണം നടത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.
3. അടിയന്തര ഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് മുഖേന മരുന്നുകൾ സംഭരിക്കേണ്ടി വരുന്ന സന്ദർഭങ്ങളിലാണ് സപ്ളൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങാവുന്നത്. ഇവിടെ അടിയന്തിര ഘട്ടം വ്യക്തമാക്കിയിട്ടില്ല എന്നു മാത്രമല്ല പണം അടവാക്കി മാസങ്ങൾ കഴിഞ്ഞാണ് മരുന്നുകൾ ലഭിച്ചത്. ഈ മരുന്നുകൾ ഇതുവരെയും വിതരണം ചെയ്തിട്ടുമില്ല.
4. കെ.എം.എസ്.സി.എൽ.നൽകിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ (No:KL01250/NAC/0020/20-21dt.22.03.2021) കാലാവധി ഒരു മാസമാണ്. പ്രസ്തുത കാലാവധിയും കഴിഞ്ഞ് രണ്ടര മാസം കഴിഞ്ഞാണ് (12.7.21) സപ്ളൈകോയിൽ നിന്നും മരുന്ന് ലഭിക്കുന്നത്.
5. ലോക്കൽ പർച്ചേസ് വഴി മരുന്ന് വാങ്ങുമ്പോൾ മരുന്ന് അപ്പോൾ തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രം ചെയ്യേണ്ട ലോക്കൽ പർച്ചേസ് വഴി മരുന്നു വാങ്ങാൻ പണം നൽകിയിട്ടും മരുന്ന് ലഭിച്ചത് വളരെ വൈകിയാണ്. മരുന്ന് ലഭിക്കുന്നതിനു മുമ്പെ പണം നൽകിയത് അംഗീകരിക്കാവുന്നതല്ല.
6. വിതരണം ചെയ്ത മരുന്നുകളുടെ ഗുണഭോക്താക്കളുടെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
7. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് മെഡിക്കൽക്യാമ്പ് നടത്തിയതായി കാണുന്നില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/20-21തിയ്യതി22.07.21) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടപ്പിലാക്കിയപ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സൂചിപ്പിച്ചിട്ടുണ്ട് ആയത് ഓഡിറ്റ് പരിഗണിക്കുന്നു.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബി.പി.എൽ.വിഭാഗക്കാർക്ക് മാത്രമേ സൌജന്യമായി മരുന്ന് വിതരണം അനുവദനീയമായുള്ളൂ എന്നതിനാൽ മരുന്ന് വിതരണം ചെയ്ത ശേഷം എല്ലാ രോഗികളുടെയും പേരും വരുമാനവും സ്റ്റോക്ക് രജിസ്റ്ററും ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 277651/- തടസ്സത്തിൽ വെക്കുന്നു.

1-36 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിരജിസ്റ്ററിൽ ചേർക്കുന്നില്ല

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ ചിലത് പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലും റോഡു കളിലുമാണ് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ അപ്രകരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തിയ്യതി, ഫണ്ടിനം | തുക |
|---|---|---|
| 1)264/20-21 കരുമ്പാപൊയിൽ ചാമക്കാല കുടിവെള്ള പദ്ധതി | 420688/20-21/29.03.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 376508 |
| 2) 276/20-21, ഐക്കുന്ന് കുടിവെള്ള പദ്ധതി | 1009732/2020-21/29.01.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 187620 |

| | | |
|---|---|---|
| 3) 304/20-21, ഉളിങ്കുന്ന് കുടിവെള്ള പദ്ധതി | 960131/20-21/22.03.21(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 160295 |
| 4) 293/20-21, പടിക്കൽ കണ്ടി എസ്.സി.കോളനി റോഡ് | 267/20-21/31.12.2020 (വികസന ഫണ്ട് എസ്.സി.പി) | 462993 |
| 5) 112/20-21 പുല്ലങ്ങോട്ട് കോമ്മച്ചം കണ്ടി റോഡ് | 131951(ധനകാര്യ കമ്മീ ഷൻ ഗ്രാന്റ്) 180882/20-21യ/03.03.21<br>340000 (എം.ജി.ആർ)1074049/11.02.31 | 471951 |
| 6) 155/20-21 കാർഷിക വിപണന കേന്ദ്രം, (കമ്മ്യൂണിറ്റി ഹാൾ പരിസരം) | 11/20-21/11.04.20 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 100000 |
| ആകെ | | 1759367 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻ വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല . അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത പ്രവൃത്തികൾക്ക് ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

1-37 കമ്മ്യൂണിറ്റി ഹാൾ പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ച്

നിലവിൽ ഒരു പൊതു യോഗമോ സാംസാക്കാരിക സംഗമമോ നടത്താൻ പറ്റാത്ത അവസ്ഥയിലാണ് പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ ഉള്ളത് ഇത് പുനരുദ്ധരിച്ച് ഉപയോഗ യോഗ്യമാക്കുന്നതിനായി 2018-19 വർഷം മുതൽ ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 276/18-19- കമ്മ്യൂണിറ്റി ഹാൾ നവീകരണം | 1500000 | 1392871 |
| 126/19-20 - കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം | 1500000 | 0 |
| 288/20-21 -കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം(സ്പിൽ ഓവർ ) | 1438000 | 1020000 |
| 322/20-21 | 430000 | 101665 |
| ആകെ | 4868000 | 2514536 |

മൂന്ന് വർഷങ്ങളിലായി 4868000 രൂപ വകയിരുത്തുകയും 2514536 രൂപ ചെലവഴിക്കുകയും ചെയ്തിട്ടും കമ്മ്യൂണിറ്റി ഹാൾ പ്രവർത്തന സജ്ജമായിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കമ്മ്യൂണിറ്റിഹാൾ വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-38 എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ പലതും പ്രവൃത്തി നടക്കുന്ന സമയത്ത് എസ്റ്റിമേറ്റുകൾ പലതും റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. എസ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് ഇതിന് കാരണം. 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിയ്ക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്. വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവൃത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. പ്രവൃത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെ കാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ,ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പല പ്രവൃത്തികളിലും ഏസ്റ്റിമേറ്റുകൾ പ്രവൃത്തി സമയത്ത് പുതുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൃത്യമായ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തില്ല പല എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വള്ളിപ്പറ്റ പട്ടരുമഠം എരഞ്ഞിക്കൽ റോഡ് (പ്രോജക്ട് - 51/18-19,269/19-20,260/20-21 ചെലവ് തുക 499707) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് നിലവിലുള്ള 224മീറ്റർ കരിങ്കല്ല് കെട്ട് പൊളിച്ച് മാറ്റി പ്രസ്തുത കരിങ്കല്ല് ഉപയോഗിച്ച് പുതുതായി സംരക്ഷണഭിത്തി കെട്ടുന്നതിനാണ്. എന്നാൽ പ്രവൃത്തി നടക്കുന്ന സമയത്ത് പ്രവൃത്തി സ്ഥലത്ത് നിലവിൽ കല്ല് കെട്ട് ഉണ്ടായിരുന്നില്ല ആയതിനാൽ പുതിയ കരിങ്കല്ല് സൈറ്റിലിറക്കി സംരക്ഷണഭിത്തി നിർമ്മിക്കുന്നരീതിയിൽ നിരക്ക് കൂടുതലുള്ള എസ്റ്റിമേറ്റായി റിവൈസ് ചെയ്യേണ്ടിവന്നു. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സ്ഥല പരിശോധനയുടെ അടിസ്ഥാനത്തില്ല എന്ന് വ്യക്തമാണ്.

2. പാണമ്പ്ര പാണച്ചാൽ റോഡ് റീടാറിങ്ങ് (പ്രോജക്ട് - 64/18-19,254/19-20,151/20-21; ചെലവ് തുക 667672) പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് നിലവിലുള്ള 58 മീറ്റർ റോഡിൽ സ്കാരിഫൈ ചെയ്ത് പുതിയ ടാറിങ്ങ് ചെയ്യുന്നതിനാണ്. എന്നാൽ പിന്നീട് ഈറോഡു മുഴവൻ കോൺക്രീറ്റ് ചെയ്യുന്നരീതിയിൽ റിവൈസ് ചെയ്യേണ്ടി വന്നു. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് കൃത്യമായ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തില്ല എന്ന് വ്യക്തമാണ്.

പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി കൃത്യവും സമഗ്രവുമാക്കുക, ഫണ്ട് നഷ്ടപ്പെടാതിരിക്കുക , പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-39 പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ ബിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്വത്തിൽ പ്രവൃത്തി റി-ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 -ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻഅഗ്രി. നമ്പർ, തിയ്യതി.എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവർത്തി പൂർത്തീക രണ കാല യളവ്.സൈറ്റ്കൈമാ റി യ തിയ്യതി. പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 288/20-21 കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 1020000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബിൽ നം.383684/26.03.21) | ശ്രീ. അബ്ദുൾ അസീസ് 93/1 9- 20 /26.02.20 എം.ബുക്ക്-269,284,285,288/19-20 | 6മാസം 27.02.20 18-12-20 (26.08.2020 ന് പൂർത്തീകരിക്കേണ്ട പ്രവർത്തി 18-12-20നാണ് പൂർത്തീകരിച്ചത് | പി.എ.സി തുക1438000 രൂപയുടെ ( 3%) 43140 രൂപ |
| 2 | 144/20-21 കാപ്പിയിൽ വാളന്നൂർ റോഡ് | 271049 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 130883/3.3.21, 880163/31.12.20 | ശ്രീ.പി.സി.ബഷീർ 66/19-20/23.12.2019 എം.ബുക്ക് 237,277/2019-20 | 6മാസം 23.12.2019 17.09.2020 | ആദ്യ മൂന്നു മാസത്തേയ്ക്ക .പി.എ.സി തുക 300000 രൂപയുടെ (1%) 3000 രൂപ |
| ആകെ പിഴ | | | | | 46140 |

ഈ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല.ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1

ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനം പാടില്ല. ഇത്തരം പ്രവർത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. വളരെയധികം കാലം കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല,ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ നിയമാനുസൃതം പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-40 നടീൽ വസ്തുക്കൾ വിതരണത്തിനായി വാർഡ് മെമ്പർക്ക് നൽകി - ഗണഭോക്താക്കൾ കൈപ്പറ്റിയതിന് രേഖ ഹാജരാക്കിയില്ല.</u>

പ്രോജക്റ്റ് നം. 233/20

പ്രോജക്റ്റ് നം. 230/20

ഭക്ഷ്യസുരക്ഷയ്ക്കായി പഞ്ചായത്തിലെ എല്ലാ വീടുകളിലും തരിശ് സ്ഥലങ്ങളിലും കൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 100% സബ്സിഡിയോടുകൂടി കരനെൽകൃഷി, മരച്ചീനി കൃഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം കര നെൽ കൃഷിക്കായി ആകെ വാങ്ങിയ 2869 Kg നെൽവിത്ത് ഓരോ വാർഡിലേക്കും 124 Kg വീതം പഞ്ചായത്തിലെ വാർഡ് മെമ്പർമാർക്കാണ് വിതരണത്തിനായി നൽകിയത്. ഇതുപോലെ മരച്ചീനി കൃഷി വികസനം എന്ന പദ്ധതി പ്രകാരം 27600 കപ്പത്തണ്ടുകൾ (1.5 Mtr Length) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഇത് ഓരോ വാർഡിലേക്കും 1200 കപ്പത്തണ്ടുകൾ വീതം വിതരണത്തിനായി വാർഡ് മെമ്പർമാർക്കാണ് നൽകിയത്. ഇത് വീടുകളിൽ വിതരണം ചെയ്യുന്നതിന് വാർഡ് ആർ.ആർ.ടി മാരെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഇവ വാർഡ് മെമ്പർമാരാണ് കൈപ്പറ്റിയിരിക്കുന്നത്. വാർഡ് RRT മാർ ഇവ വിതരണം ചെയ്തതിന്റെയോ ഗുണഭോക്താക്കൾ ഇവ കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ തന്നെ എത്ര പേർക്ക് എത്ര വീതമാണ് വിതരണം നടത്തിയതെന്നും വ്യക്തമല്ല. പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ ഫലപ്രാപ്തി വിലയിരുതിതുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/20-21 തീ.28-07-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>1-41 ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ ഫർണ്ണീച്ചർ വാങ്ങി.</u>

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | നായാട്ടുകുന്ന് പട്ടികവർഗ്ഗ മീറ്റിംഗ് ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ 225/21 |
| വകയിരുത്തിയ തുക | 113000/-(വികസന ഫണ്ട് -T.S.P) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 111059/-(1677/23.03.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

നായാട്ടുകുന്ന് അങ്കനവാടിക്ക് മുകളിലുള്ള മീറ്റിംഗ് ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിന് 19.02.21ന് കാഡ്കോ നൽകിയ എസ്റ്റിമേറ്റ് (KADCO/NRO/S&SS/AS-UNKLM-GP/EQ-478/20-21)പ്രകാരം സ്റ്റീൽ വുഡൻ ഫർണ്ണീച്ചറുകളും ഫൈബർ ചെയറുകളും വാങ്ങിയിട്ടുണ്ട്. കാഡ്കോയിൽ നിന്നും ഫർണ്ണീച്ചറുകൾ വാങ്ങുമ്പോൾ അവർ സ്വന്തം നിലയിൽ നിർമ്മിക്കുന്ന സ്റ്റീൽ,വുഡൻ ഫർണ്ണീച്ചറുകൾ മാത്രമേ ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കാഡ്കോ സ്വന്തമായി നിർമ്മിക്കാത്തതും നീൽകമൽ ബ്രാൻഡിലുള്ളതുമായ ഫൈബർചെയറുകൾ വാങ്ങിയതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സാധനങ്ങളുടെ വിശദാംശം | എണ്ണം | ടാക്സ് ഉൾപ്പെടെ വില |
|---|---|---|---|
| 1 | Fiber Chair Armed(Nilkamal Brand) | 80 | 43200 |
| 2 | Fiber Chair Armless(Nilkamal Brand) | 20 | 10500 |
| 3 | VIP Chair (Nilkamal Brand) | 10 | 9500 |
| | Total | | 63200 |

കാഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾഅവർ വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് മാനേജിംഗ് ഡയറക്ടറിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. അത്തരം സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/20-21തിയ്യതി26.07.21)ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 8.12.2016ലെ G.O.(MS)NO.1/2016 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് സ്വന്തം നിർമ്മിക്കാത്തതായ 50%ഉപകരണങ്ങൾ വാങ്ങിനൽകാവുന്നതാണെന്നതിന്റെ അടിസ്ഥാനത്തിലാണ് കാഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് അറിയിച്ചു. എന്നാൽ സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 23.10.2020ലെ G.O.(RT)NO.19/2020,20/2020 എന്നീ ഉത്തരവുകൾ പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും സ്വന്തം നിർമ്മിക്കാത്തതായ സാധനങ്ങൾ വാങ്ങാൻ അനുവാദമില്ല.

ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ കാഡ്കോയിൽനിന്നും നീൽകമൽ ബ്രാൻഡിലുള്ള ഫൈബർചെയറുകൾ നേരിട്ട് വാങ്ങിയത് അംഗീകരിക്കാവുന്നതല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 63200/-രൂപ തടസ്സത്തിൽ വെക്കുന്നു.

<u>1-42 മൊബിലൈസേഷൻ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തില്ല.</u>

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് (B-18) പ്രകാരം Advance To Contractors എന്ന ഇനത്തിൽ 2012-13 ൽ നൽകിയ Mobilisation Advance നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക | കോൺട്രാക്ടർ/ കൺവീനർ | പ്രവൃത്തി |
|---|---|---|---|
| 1 | 41810 | നൂറുൽഅമീൻ | തടത്തിൽ ആനപ്പാറ റോഡ് |
| 2 | 47300 | ജിതേഷ് | പ്രവൃത്തിയുടെ പേര് വ്യക്തമല്ല. ( അഡ്വാൻസ് രജിസ്റ്റർ 2012-13 പേജ് 48) |

തുക പലിശസഹിതം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-43 വ്യക്തിഗത തൊഴിൽ സംരഭങ്ങൾ-നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിത്വം നിറവേറ്റിയില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | വ്യക്തിഗതതൊഴിൽ സംരഭങ്ങൾ(വനിത)43/21 |
| വകയിരുത്തിയ തുക | 500000/-(വി.ഫണ്ട്-ജനറൽ)<br>500000/-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>1000000/-(മറ്റുള്ളവ) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 100,000/-(197/12.10.20)വി.ഫണ്ട്<br>50000/-(183/22.09.20) ;<br>50000/-(184/22.09.20) ;<br>300000/-(178/14.09.20) ; |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ-വീര്യമ്പ്രം സർക്കിൾ |

മേൽ പ്രൊജക്ട പ്രകാരം വനിതകൾക്ക് വ്യക്തിഗത തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനായി അഞ്ച് ലക്ഷം രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് ബേങ്ക് എക്കൌണ്ടിലേക്ക് നൽകിട്ടുണ്ട്. 50000/-രൂപ വീതം ബേക്ക്എന്റ് സബ്സിഡിയായി പത്ത് പേർക്ക് നൽകുന്നതിനാണ് ഉദ്ദേശിച്ചത്. ഫയൽ പരിശോധിച്ചതിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥൻ പണം കൈമാറി നൽകുക മാത്രമാണ് ചെയ്തത്. ആർക്കുവേണ്ടിയാണ് പണം കൈമാറിയത് എന്ന പോലും രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ തന്റെ ഉത്തരവാദിത്വം നിറവേറ്റാതെ പദ്ധതിപ്പണം അലക്ഷ്യമായി ചെലവാക്കിയതായി കാണുന്നു.

ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുകയോ ഗുണഭോക്താക്കളുടെ അപേക്ഷ,ബേങ്ക് പാസ്സ് ബുക്ക്,കരാർ പത്രം,വരുമാന സർട്ടിഫിക്കറ്റ് , ബ്ളോക്കിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, ബേങ്കിന്റെ ഓഫർ ലെറ്റർ, പ്രൊജക്ട് റിപ്പോർട്ട്, പ്രൊജക്ട് രജിസ്റ്റർ, ക്യാഷ് ബുക്ക്, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20-21തിയ്യതി26.07.21)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രസ്താവിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകളോ കണക്കോ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതും ചെലവുതുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതുമാണ്. ചെലവുതുക 500,000/- തടസ്സപ്പെടുത്തുന്നു.

1-44 ക്ളീൻ ഉണ്ണികുളം ഗ്രീൻ ഉണ്ണികുളം-നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിത്തം നിറവേറ്റിയില്ല.

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | ക്ലീൻ ഉണ്ണികുളം ഗ്രീൻ ഉണ്ണികുളം(20-21) 5/21 | |
| വകയിരുത്തിയ തുക | 3082320/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>300000/- (തനത്ഫണ്ട്) | |
| ബിൽ നമ്പർ,തിയ്യതി,ചെലവഴിച്ച തുക | 50218/22.12.20 | 5000/- |
| | 27610/12.11.20 | 500000/- |
| | 51225/20.8.20 | 816672/- |
| | 51223/20.8.20 | 74000/- |
| | 51221/20.8.20 | 25300/- |
| | 51216/20.8.20 | 417500/- |
| | 22633/12.12.20 | 101500/- |
| | 91928/5.3.21 | 389000/- |

| | | |
|---|---|---|
| | 91996/5.3.21 | 10000/- |
| | 92000/-5.3.21 | 154000/- |
| | 92002/5.03.21 | 25000/- |
| | 92005/5.3.21 | 24000/- |
| | 92010/5.3.21 | 12000/- |
| | 40551/24.3.21 | 12000/- |
| | 40560/24.3.21 | 222500/- |
| | 92296/27.3.21 | 293848/- |
| | | ആകെ-3082320/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ-വീര്യമ്പ്രം സർക്കിള | |

മേൽ പ്രൊജക്ട പ്രകാരം, അജൈവമാലിന്യങ്ങൾ നീക്കം ചെയ്തതിനും കൺസൾട്ടൻസി ഫീസിനത്തിലും നിറവ് വേങ്ങേരിക്കും, ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം നൽകിയ ഇനത്തിലും ട്രാൻസ്പോർട്ടേഷൻ ചാർജ്, ഹരിതകർമ്മസേനക്ക് ഉപകരണങ്ങൾ തുടങ്ങിയ ഇനങ്ങളിലുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആകെ 3082320/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥൻ പണം കൈമാറി നൽകുക മാത്രമാണ് ചെയ്തത്. നിർവ്വഹണോദ്യോഗസ്ഥൻ തന്റെ ഉത്തരവാദിത്തം നിറവേറ്റാതെ പദ്ധതിപ്പണം അലക്ഷ്യമായി ചെലവാക്കിയതായി കാണുന്നു.

അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ ഫയൽ,സ്ഥാപനവുമായി ചമച്ച കരാർ,കയറ്റി അയക്കപ്പെട്ട മാലിന്യങ്ങളുടെ തൂക്കം , കൺസൾട്ടൻസി കരാർ, മാലിന്യങ്ങൾ എം.സി.എഫിലേക്ക് കൊണ്ടുവന്നതിന് വാടക നൽകിയതിനുള്ള രേഖകൾ,എന്നിവ സൂക്ഷിച്ചിട്ടില്ല

ഹരിതകർമ്മസേനാംഗങ്ങളുടെ വിവരങ്ങൾ ,അവരുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്, യൂസർ ഫീ വിശദാംശം,വയബിലിറ്റി ഗ്യാപ്പ് ഫണ്ടിന്റെ വകയിരുത്തലും ചെലവും സംബന്ധിച്ച വിശദാംശം,പ്ളാസ്റ്റിക്ക് പാഴ്വസ്തുക്കളും മറ്റും തരംതിരിച്ച് വില്പന നടത്തിയതിന്റെ രേഖകൾ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പ്രൊജക്ട് രജിസ്റ്റർ,ക്യാഷ് ബുക്ക്,മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-21തിയ്യതി28.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രസ്താവിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകളോ കണക്കോ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതും ചെലവുതുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതുമാണ്. ചെലവുതുക 3082320/-തടസ്സപ്പെടുത്തുന്നു.

## 1-45 സേവന ഉപനികുതി ചുമത്തുന്നില്ല.

പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാംഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽനിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ചുമത്താവുന്നതാണ്.

ഓഡിറ്റ് വർഷങ്ങളിൽ വിവിധ പ്രൊജക്ടുകൾ വഴിയും നേരിട്ടും ശുചിത്വ പരിപാലനം,ജലവിതരണം,തെരുവിളക്കുകൾ ഡ്രെയിനേജ് എന്നിവക്കായി പണം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സേവനഉപനികുതി ചുമത്തി ഈടാക്കിയതായി കാണുന്നില്ല. സേവന ഉപനികുതി ചുമത്താൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-46 ആരോഗ്യസേവനവളണ്ടിയർമാർക്ക് നൽകേണ്ട തുക ജീവനക്കാരുടെ എക്കൌണ്ടിലേക്ക് കൈമാറി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | രോഗപ്രതിരോധപ്രവർത്തനങ്ങൾ,178/20 |
| വകയിരുത്തിയ തുക | 64680/-(MG-NR) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 64000/-(8220/11.04.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

2020-21ൽ മേൽ പ്രൊജക്ട് പ്രകാരം വിവിധ വാർഡുകളിലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറവിടനശീകരണവും മാസ്സ് ക്ളോറിനേഷനും നടത്തിയവകയിൽ ആരോഗ്യസേവന വളണ്ടിയർമാർക്ക് നൽകേണ്ട തുകകൾ മങ്ങാട് ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ എക്കൌണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ആകെ പദ്ധതിചെലവിൽ 57500/- രൂപയും ഇത്തരത്തിൽ ചെലവഴിച്ചതാണ്. മാത്രമല്ല വളണ്ടിയർമാരുടെ പേര് വിവരം, തുക കൈമാറിയതു സംബന്ധിച്ച രേഖകൾ എന്നിവ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ എക്കൌണ്ടിലേക്ക് തുക നേരിട്ട് കൈമാറേണ്ടതിനു പകരം ജീവനക്കാരുടെ എക്കൌണ്ടിലേക്ക് പണം കൈമാറിയതിനു മറുപടി ലഭ്യമാക്കേണ്ടതും വളണ്ടിയർമാരുടെ പേരുവിവരം (ഫോൺനമ്പർ ഉൾപ്പെടെ), കൈപ്പറ്റുരശീതി എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/20-21തിയ്യതി22.07.21) ലഭ്യമാക്കിയ മറുപടിയിൽ വളണ്ടിയർമാരുടെ കൈപ്പറ്റ് രശീതി ഹാജരാക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ രേഖകൾ സുതാര്യമായി സൂക്ഷിക്കുന്നില്ല. പലതിലും ഒപ്പുപോലും രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-47 സാമൂഹ്യ സുരക്ഷാ പെൻഷൻ സംമ്പന്ധിച്ച അപാകതകൾ

ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ തീർപ്പുകൽപിക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ സാമ്പത്തിക വർഷം ഉൾപ്പെടെ ലഭിച്ച ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കുറ്റകരമായ കാലതാമസം നേരിട്ടതായി കാണുന്നു. 2020 മെയ്, ജൂൺ മാസങ്ങളിൽ മാത്രമുള്ള പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിട്ട കുറച്ച് ഫയലുകളുടെ വിവരങ്ങൾ ഉദഹരണത്തിനായി ചുവടെ കൊടുക്കുന്നു.

വാർധക്യകാല പെൻഷന്

| അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തിയ്യതി | പരിശോധനയ്ക്കായി കൈമാറിയ തീയതി | പരിശോധന കഴിഞ്ഞ് തിരിച്ച് ഏൽപ്പിച്ച തീയതി |
|---|---|---|---|
| ശശി | 05-05-2021 | 10-01-2021 | ഓഡിറ്റ് പിഡ് വരെ തിരിച്ച് ഏൽപ്പിച്ചില്ല |
| കദീജ | 05-05-2021 | 10-01-2021 | ഓഡിറ്റ് പിഡ് വരെ തിരിച്ച് ഏൽപ്പിച്ചില്ല |
| ആമിന | 05-05-2021 | 10-01-2021 | 21-06-2021 |
| മൊയ്തീൻ കോയ | 05-05-2021 | 10-01-2021 | 21-06-2021 |
| ബാലൻ | 06-05-2021 | 10-01-2021 | 21-06-2021 |

വിധവ പെൻഷൻ

| അപേക്ഷ ലഭിച്ച തിയ്യതി | അപേക്ഷകന്റെ പേര് | പരിശോധനയ്ക്കായി കൈമാറിയ തീയതി | പരിശോധന കഴിഞ്ഞ് തിരിച്ച് ഏൽപ്പിച്ച തീയതി |
|---|---|---|---|
| 02-06-20 | ഗീത | 01-07-20 | 18-09-20 |
| 04-06-20 | ശാരദ | 01-07-20 | 18-09-20 |
| 05-06-20 | എൽസി ജോർജ്ജ് | 01-07-20 | 18-09-20 |
| 06-07-20 | സുമതി | 24-07-20 | 18-09-20 |

ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ മേൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളാതിരുന്നത് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. വി.ഇ.ഒ മാരുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന് വളരെ കാലതാമസം എടുക്കുന്നു. സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന തീയതി മുതൽക്ക് മാത്രമാണ് അപേക്ഷകന് പെൻഷൻ ലഭിക്കുകയുള്ളൂ. എന്നാൽ ഇത് സമയ പരിധിക്കകം പൂർത്തീകരിക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. ഇത് പെൻഷൻ ലഭിക്കാൻ അർഹമായ കാലാവധി ഗുണഭോക്താക്കൾക്ക് നഷ്ടം വരുത്തുന്നു.

മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തുന്നില്ല.

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് ഡത്ത് രജിസ്റ്റർ പ്രകാരം 2020-21 ൽ ആകെ 215 മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ 188 പേരുണ്ട്. എന്നാൽ പഞ്ചായത്തിൽ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനായി 2020-21 ൽ ആകെ 11 അപേക്ഷകളാണ് വന്നിട്ടുള്ളത്. ഇത് മാത്രമാണ് പഞ്ചായത്ത് തീരുമാനമെടുത്ത് സസ്പെന്റ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കനവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ഇത് അനർഹമായി പെൻഷൻ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പോവുന്നതിന് ഇടയാക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 അങ്കണവാടികൾ പെയിന്റ് ചെയ്യൽ തെറ്റായ അളവെടുപ്പ് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരക്കൽ 252/21 |
| വകയിരുത്തിയ തുക | 757925/-Ownfund<br>417075/-(MG-Non Road) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 417075/-(6787/12.11.20)<br>282925/-(Cheque No.5637285/19.11.20) |

| | |
|---|---|
| | 474431/-(Cheque No.3931224/8.03 .21) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സ്പിൽ ഓവർ പ്രൊജക്ടായി നടപ്പാക്കിയ മേൽ പദ്ധതിപ്രകാരം 44 അങ്കണവാടികൾ പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിനാണ് ലക്ഷ്യമിട്ടത്. പ്രവൃത്തി ഇ ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടുചെയ്ത അബ്ദുൾകരീം.കെ,സിംപിൾ ആർട്സ് എന്നിവരുമായി നടത്തിയ നെഗോസിയേഷൻ പ്രകാരം പെയിന്റിംഗ് മാത്രം ആവശ്യമായ ഏരിയക്ക് സ്ക്വയർ ഫൂട്ടിന് 20 രൂപക്കും പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നതിന് സ്ക്വയർ ഫൂട്ടിന് 28.50 രൂപക്കും തീരുമാനിച്ച് വർക്ക് ഏൽപിച്ച് നൽകി. എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയർ നടത്തിയ മെഷർമെന്റ് പ്രകാരം 43048sq.Feet സ്ഥലത്ത് പെയിന്റിങ്ങും 11013 Sq.Feet സ്ഥലത്ത് പെയിന്റ് ചെയ്ത് ചിത്രം വരക്കുകയും ചെയ്തിട്ടുണ്ട്. പെയിന്റിംഗ് വർക്കിന് 860760/-രൂപയും (43038x20)ചുമരിൽ പെയിന്റ്ചെയ്ത് ചിത്രം വരച്ചതിന് 313671/-രൂപയുമാണ് (11006x28.50)ചെലവഴിച്ചത്.

27.07.2020ന് ഓവർസിയറുടെ സാന്നിധ്യത്തിൽ അങ്കണവാടി സെന്റർ നമ്പർ 96,105 എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ പെയിന്റടിച്ച് ചിത്രം വരച്ചതായി കാണിച്ച അതേ ഏരിയ വീണ്ടുംപെയിന്റിംഗ് ഏരിയയിലും കാണിച്ച് വാല്യുവേഷൻ നടത്തിയതായി കണ്ടു. ആയതിന്റെ ഫലമായി 11006 Sq.Feet ഏരിയക്ക് സ്ക്വയർ ഫൂട്ടിന് 20 രൂപ പ്രകാരം ആകെ 220120/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം അളവെടുത്ത അസി.എഞ്ചിനീയർ,ചെക്ക്മെഷർ ചെയ്ത MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ,നിർവ്വഹണോദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ ബിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്ത്വത്തിൽ പ്രവൃത്തി റി-ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 -ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻഅഗ്രി. നമ്പർ, തിയ്യതി.എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവർത്തി പൂർത്തീക രണ കാല യളവ്.സൈറ്റ്കൈമാ റി യ തിയ്യതി. പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 288/20-21 കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 1020000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബിൽ നം.383684/26.03.21) | ശ്രീ. അബ്ദുൾ അസീസ് 93/1 9- 20 /26.02.20 എം.ബുക്ക്-269,284,285,288/19-20 | 6മാസം 27.02.20 18-12-20 (26.08.2020 ന് പൂർത്തീകരിക്കേണ്ട പ്രവർത്തി 18-12-20നാണ് പൂർത്തീകരിച്ചത് | പി.എ.സി തുക1438000 രൂപയുടെ ( 3%) 43140 രൂപ |
| 2 | 144/20-21 കാപ്പിയിൽ വാളന്നൂർ റോഡ് | 271049 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 130883/3.3.21, 880163/31.12.20 | ശ്രീ.പി.സി.ബഷീർ 66/19-20/23.12.2019 എം.ബുക്ക് 237,277/2019-20 | 6മാസം 23.12.2019 17.09.2020 | ആദ്യ മൂന്നു മാസത്തേയ്ക്ക .പി.എ.സി തുക 300000 രൂപയുടെ (1%) 3000 രൂപ |
| ആകെ പിഴ | | | | | 46140 |

ഈ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല.ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇത്തരം പ്രവർത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. വളരെയധികം കാലം കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന

കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല,ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ നിയമാനുസൃതം പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 80000 | 44 നെൽകൃഷി കൂലിചെലവ് | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 96000 | 44 നെൽകൃഷി കൂലിചെലവ് | 96000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33000 | 45 സുഫലം ഫലവൃക്ഷതൈ വിതരണം | 33000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 640000 | 17ലൈഫ് ഭവനപദ്ധതി(ജനറൽ) | 640000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 759700 | 8ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 759700 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 700000 | 158 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 800000 | 8 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | 65ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 330000 | 67 ക്ഷീരഗ്രാമം പദ്ധതി(വനിത) | 330000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | 180ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | 234 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കുകൾക്ക നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കമ്മ്യൂണിറ്റി ഹാൾ കുഴൽ കിണർ നവീകരണം | ബിൽ നം. 430/22.3.21 | 35805 | 0 | 35805 |
| കേരള വാട്ടർ അതോറിറ്റി | ജൽജീവൻ | ബിൽ നം. 419/20.3.21, 490/20.3.21 | 826377 | 0 | 826377 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരം

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ തൻവർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനപദ്ധതി 2018-19 | സ.ഉ 27/19 തീ.22/02/2019 | 0 | 17720588 | 1624588 | | 16096000 |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 84315 |
| തൻവർഷം നിക്ഷേപിച്ച തുക | 6745 |
| ആകെ | 91060 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം | 91060 |
| ആകെ | 91060 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആകെ | 91060 |

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീറ്റ് നമ്പർ / തീയതി |
|---|---|---|---|---|
| 2018-19 | 1-13 | 75527 | ബഷീർ, കരാറുകാരൻ | 120010500004/15.7.2020 |
| 2018-19 | 3-12 | 24000 | ജിജീഷ്, കരാറുകാരൻ | 120010101081/24.7.2020 |
| 2016-17 | 2-5 | 1605 | റോസമ്മ ജേക്കബ്ബ്, സെക്രട്ടറി | 120010111509/6.3.2021 |
| ആകെ | | 101132 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | | 2003-04 | 11.14 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. |
| 2001-02 | ഖ 7 | 2003-04 | 11.13.1.9 | വനിതാ ബേക്കറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | ഖ 30 | 2003-04 | 11.13.2.1 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല. |
| 1999-00 | ഖ 32 | 2003-04 | 11.13.5.5 | മൈത്രി ഭവനപദ്ധതി |
| 2001-02 | | | 11.4 | തെരുവു വിളക്ക് സ്ഥാപിക്കൽ -117360<br>മറ്റ് പരാമർശങ്ങൾ |
| 2001-02 | | | 11.4 | വനിതാ ബേക്കറി യൂണിറ്റ്-20000 |
| 2001-02 | 3.1 | | 2.70 1.8.6 | കുടിവെള്ള പദ്ധതികൾ |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.11.16 | വൗച്ചറുകൾ രജിസ്റ്ററുകൾ കൃത്യമല്ല. |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.12.4 | ഗ്രാമസഭ |
| 01-02 ,<br>2001-02, | 2-1<br>2-2 | 2005-06 | 2.70.1.13.9 | തനത് വരവ് കാലഹരണപ്പെട്ടു. |
| 2001-02 | | 2005-06 | 2.70.1.14.27. | നികുതി പിരിവ് അലംഭാവം |
| 2002-03 | 2.9 | 2006-07 | 3.79.1.5 | നികുതി കാലഹരണപ്പെട്ടു. |
| 2002-03 | 3.17 | 2006-07 | 3.79.12 | കാർഷികോപകരണ വിതരണം |
| 2002-03 | 3.13 | 2006-07 | 3.79.18.14 | കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാക്കിയില്ല. |
| | | 2011-12 | 3.2.7<br>3.2.6<br>3.2.10<br>3.2.12<br>3.2.22<br>3.2.13 | ആസ്തി രജിസ്റ്റർ പരിപാലനം<br>വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം<br>റോഡ് ചെയിനേജ് രേഖപ്പെടുത്തൽ<br>മരാമത്ത് പണികളുടെ നടത്തിപ്പ്<br>അധികാര പരിധി ലംഘിച്ച് പ്രവൃത്തി നടത്തി |
| 2012-13 | 4-1 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണം മാത്രം. |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134256656 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 124284329 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 266260 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8198211 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 55030/- | 1.ശ്രീമതി അഞ്ജലി.പി,<br>അസി.എഞ്ചിനീയർ, എൽ.എസി.ജി.ഡി |
| 3-1 | | 55030/- | 2.ശ്രീമതി അനഘ.ഡി.ബി, അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് |
| 3-1 | | 55030/- | 3.ശ്രീമതി പ്രമീള.കെ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-1 | | 55030/- | സുബൈദ.പി.ടി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | | 46140 | ശ്രീമതി.അഞ്ജലി.പി , അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 640640/- | 1.ശ്രീമതി പ്രമീള.കെ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>2.സുബൈദ.പി.ടി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-21 | 425514/- | സുബൈദ.പി.ടി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-24 | 150000 | ശ്രീമതി ഗ്രീഷ്മ ജി. ജി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-25 | 1000000 | അബ്ദുറഹിമാൻ എം.കെ, ഹെഡ് മാസ്റ്റർ |
| 1-34 | 299519/- | ജിഷിത്ത്.ആർ. അസി.സെക്രട്ടറി |
| 1-35 | 277651/- | അബ്ദുൾ ജമാൽ സി.പി,മെഡിക്കൽഓഫീസർ |
| 1-36 | 1759367 | ശ്രീമതി.അഞ്ജലി.പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 63200/- | ജിഷിത്ത്.ആർ.അസിസ്റ്റന്റ് സെക്രട്ടറി |
| 1-43 | 500000/- | നിസാദ്.പി.എം, വി.ഇ.ഒ |
| 1-44 | 3082320/- | നിസാദ്.പി.എം, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗ്രീഷ്മ ജി. ജി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ഉണ്ണികുളം ഗ്രാ.പഞ്ചായത്ത് | ശിവശക്തി, എൻ.ടി.എം.സി റോഡ്, ചേവായൂർ(പിഒ), കോഴിക്കോട് |
| അബ്ദുറഹിമാൻ എം.കെ, ഹെഡ് മാസ്റ്റർ | ജി.എം എൽ.പി സ്കൂൾ ഉണ്ണികുളം | മുണ്ടോട്ടുകണ്ടി,പൂനൂർ, ഉണ്ണികുളം പി.ഒ |
| ശ്രീമതി.അഞ്ജലി.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഉണ്ണികുളം | ശിശിരം, ചിപ്പിലാട്ട്,മക്കട പി.ഒ, കക്കോടി, 673611 |
| നിസാദ്.പി.എം, വി.ഇ.ഒ | വി.ഇ.ഒ. പനങ്ങാട് | പുതുവീട്ടിൽ, ബി.18/280, കെ.എസ്.ഇ.ബി കോളനി, മെഡിക്കൽ കോളേജ്. പി.ഒ, കോഴിക്കോട്,6733008 |
| പ്രമീള.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ബാലുശ്ശേരി | കൃഷ്ണകൃപ, വട്ടോളി ബസാർ. പി.ഒ, കോഴിക്കോട് |
| സുബൈദ.പി.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഉണ്ണികുളം, | മെഹഫിൽ, പനായി, കോക്കല്ലൂർ പി.ഒ ,673612 |
| ജിഷിത്ത്.ആർ,അസി.സെക്രട്ടറി | ജെ.എസ്സ്. എ.ഡി.പി ഓഫീസ് | ചേരിക്കാപ്പറമ്പിൽ, കോക്കല്ലൂർ, കോഴിക്കോട് |
| അബ്ദുൾ ജമാൽ സി.പി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്.സി, മങ്ങാട്, ഉണ്ണികുളം | കെൻസ്, താലോപാലത്തിങ്ങൽ, താമരശ്ശേരി പി.ഒ, 673573 |
| അനഘ.ഡി.ബി, അക്രഡിറ്റഡ് എഞ്ചിനിയർ, MGNREGS | അക്രഡിറ്റഡ് എഞ്ചിനിയർ, MGNREGS, ഉണ്ണികുളം | ചൈതന്യ, കിനാലൂർ പി.ഒ 673612 |

4-10 തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LF KKD /P10/945/2011 21.7.11 | 26,27,28,29,30,31,39 |
| 1999-00 | LF KKD /P10/945/2011 21.7.11 | 21,27,28,29,30,31,32,33,34 |
| 2000-01 | LF KKD /P3/231/2010 22.5.10 | 2-1,2-2(1,2) 2-3,3-1, 3-3, 3-4,<br>3-5, 3-6, 3-7, 4-9, 4-14b |
| 2001-02 | കെഎസ്എ കെകെഡി/ എസ്1/2069/16(50) 10.1.17 | 3-2, 4-14b |
| 2002-03 | എൽ.എഫ് കെ.കെ.ഡി/P3/231/10 തീയ്യതി 22.5.2010 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8,3-1,3-5,3-6,3-7,3- |

| | | |
|---|---|---|
| | | 8,3-11,<br>3-12,3-13,3-14,3-17,3-18,3-19,3-22 |
| 2003-04 | LF KKD /P3/231/2010 22.5.10 | 1-1B,2-1,2-2,2-3, 2-4, 3-3,<br>3-4,3-5,3-6,3-7,3-8,3-9,<br>3-10,<br>3-11,3-12, 3-13, 3-17, 3-18 |
| 2004-05 | LF KKD /P3/231/2010 22.5.10 | 1B, 2-1, 2-2, 3-1, 4-1 A,B,C |
| 2005-06 | LF KKD /P3/231/2010 22.5.10 | 1C, 2-2,2-3,2-5,2-6, 3-1,<br>3-2, 3-3,3-4,3-5 |
| 2006-07 | LF KKD /P10/653/10 18.1.11 | 1-1, 1-3, 2-1, 2-3(2), 2-6,2-7,2-8,<br>2-9, 2-10, 2-12, 2-13, 2-14,3-1, 3-2,<br>3-3, 3-5, 3-6, 3-7, 3-9,3-10, 3-11, 3-12,<br>3-13, 3-14, 3-16, 3-18, 3-19, 3-20, 3-22,<br>3-23, 3-24, 3-25, 4-3, 4-5 |
| 2007-08 | LF KKD /P10/1494/11(1) 5.5.12 | 2-3, 2-5, 3-3, 3-4, 3-7,<br>3-8, 3-9, 3-10(1,2,4), 3-11,3-13,<br>3-15, 3-16, 3-17,3-18, 3-20, 3-31, 3-32, 3-34 |
| 2008-09 | LF KKD /P10/1494/11(2) 8.5.12 | 1-3, 2-1(13), 2-2(6), 2-3,<br>2-4, 2-6B,<br>2-8, 2-11, 3-2, 3-3, 3-4,<br>3-5, 3-9, 3-10,<br>3-14, 3-15, 3-16, 3-17, 3-18, 4-6 |
| 2009-10 | LF KKD /P10/115/2014 5.3.14 | 2-1(4), 3-1, 3-3, 3-5, 3-8,<br>3-9, 3-11, 3-15, 3-16, 3-18 |
| 2010-11 | LF KKD /P10/115/2014 5.3.14 | 1-3, 3-2, 3-3(2), 3-4A, 3-10, 3-12 |
| 2011-12 | LF KKD /P10/76/2014 5.3.14 | 2-1,2-3, 2-4, 3-1, 3-3, 3-5, 3-6, 3-7,<br>3-8, 3-10, 3-11, 3-12, 3-13, 3-15,<br>3-16, 3-17 A, B |
| 2012-13, 13-14 | കെഎസ്എ കെകെഡി/പി10/333/15 21.12.17 | 2-1, 3-1, 3-3(1),3-4, 3-5A, B, 3-6,<br>3-9, 3-10, 3-12, 3-13, 3-14, 3-15,<br>3-18(2), 3-22, 3-23, 3-24, 4-1 |
| 2014-15 | LF KKD /P10/1607/2016 28.6.17 | 2-1,3-2, 3-6, 3-7, 3-8, 3-9 |
| 2015-16 | കെഎസ്എ കെകെഡി/പി10/1095/17 4.1.2018 | 2-1, 2-2, 3-1, 3-2, 3-4, 3-5, 3-6,<br>3-8, 3-9, 3-10, 3-11, 3-13, 3-14,<br>3-15, 3-16, 3-17, 3-18 |
| 2016-17 | കെഎസ്എ കെകെഡി/പി10/909/18 | 2-1(1,2,3,4,7), 2-2, 2-2എ, |

| | | |
|---|---|---|
| | 22.6.18 | 2-2സി, 2-3,2-4,2-5, 3-1(A,B,C), 3-2,3-3, 3-6,3-7,3-9, 3-10,3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-21(1,4,5,6) 3-23, 3-24, 3-26, 3-28,3-29, 3-30, 3-31 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.10/910/2019 തീ 14/08/2019 | 2-1(1,2),2-4, 2-5, 3-1,3-6,3-7, 3-8,3-9,3-12(2),3-17,3-18,3-19, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/P9/783/ തി.03.09.20 | 1-6(4,5,6,7),1-8, 1-11,1-12(2,10),1-13(7), 1-14,1-16,1-17(1,2,3,4),1-22,1-23, 1-25,1-26,1-29,1-31,1-32,1-34,1-39 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/P10/973/21 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്